കേരള സർക്കാർ

# മൂവാറ്റുപുഴ നഗരസഭ

# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(എം.2)2163/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in
തീയതി :30.11.2017

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ നഗരസഭ

സർ,

വിഷയം : മൂവാറ്റുപുഴ നഗരസഭ – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലേക്ക് നഗരസഭാ അധികൃതരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എം(എം.2)2163/2017 തീയതി : 30.11.2017

## എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കി. 01.04.16. മുതൽ 30-9-2017 വരെയുള്ള രസീത്, പണമടവ്, പിൻവലിയ്ക്കൽ എന്നിവ ഓഡിറ്റിൽ പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിനു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19/10/2017 മുതൽ 28/10/2017 വരെ<br>2/11/2017 മുതൽ 4/11/2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ. ഡി.ജിനിൽ റോയ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.എസ്.ഗോപകുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. നവാസ് സി.എം., ഓഡിറ്റർ |
| | ശ്രീ. അനീഷ് ആർ., ഓഡിറ്റർ |
| | ശ്രീ. ജോഷി തോമസ്, ഓഡിറ്റർ |
| | ശ്രീ. ബിനീത് രാജൻ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| ചെയർപേഴ്സൺ | ശ്രീമതി. ഉഷ ശശിധരൻ | 1.4.2016 | 31.3.2017 |
| വൈസ് ചെയർമാൻ | ശ്രീ.പി.കെ.ബാബുരാജ് | 1.4.2016 | 31.3.2017 |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺസ്. | | | |
| ആരോഗ്യകാര്യം | ശ്രീമതി.രാജി ദിലീപ് | 1.4.2016 | 31.3.2017 |
| ക്ഷേമകാര്യം | ശ്രീ.എം.എ.സഹീർ | 1.4.2016 | 31.3.2017 |
| വികസനകാര്യം | ശ്രീമതി. ഉമാമത്ത് സലിം | 1.4.2016 | 31.3.2017 |

| | | | |
|---|---|---|---|
| വിദ്യാഭ്യാസം | ശ്രീമതി.പ്രമീള ഗിരീഷ് കുമാർ | 1.4.2016 | 31.3.2017 |
| പൊതുമരാമത്ത് | ശ്രീ.സി.എം.സീതി | 1.4.2016 | 31.3.2017 |

<u>നിർവഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീ. ഷിബു വി.പി. | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ | ഡോ.ഷാനി | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ജയശ്രീ | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ശക്തികുമാർ പൈ.ജെ. | 1.4.2016 | 31.3.2017 |
| വെറ്ററിനറി സർജൻ | ഡോ.രഞ്ജിത് കൃഷ്ണൻ | 1.4.2016 | 31.3.2017 |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി. അമ്പിളി ടി.എ. | 1.4.2016 | 31.3.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ജിഷ ജോസഫ് | 1.4.2016 | 31.3.2017 |
| കൃഷി ഓഫീസർ | ശ്രീ. പ്രസാദ് ടി.യു. | 1.4.2016 | 31.3.2017 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. പ്രിയ പോൾ | 1.4.2016 | 31.3.2017 |
| പ്രിൻസിപ്പൽ ഗവ. ഹയർസെക്കന്ററി സ്കൂൾ | ശ്രീ.ബിജി പി.എൻ. | 1.4.2016 | 31.3.2017 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ജോൺ മാത്യു | 1.4.2016 | 31.3.2017 |
| പ്രോജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ | ശ്രീ. ആർ.പി. ചന്ദ്രൻ | 1.4.2016 | 31.3.2017 |
| ഹെഡ്മാസ്റ്റർ, ഗവൺമെന്റ് ഹൈസ്കൂൾ | ശ്രീമതി. അജിതാകുമാരി | 1.4.2016 | 31.3.2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1–1 |
| 2 | വാർഷിക ധനകാര്യപത്രിക | 1–2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1–3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം - 2 | |
| 12 | വാർഷിക കണക്കുകളുടെ അവലോകനം | 2-1 |
| 13 | രസീത് പരിശോധന സംബന്ധിച്ച് | 2-2 |
| 14 | വസ്തുനികുതി പരിഷ്കരണം | 2-3 |
| 15 | വസ്തു നികുതി പിരിവ് - അപാകതകൾ | 2-4 |
| 16 | പെട്രോൾ പമ്പുകളുടെ വസ്തുനികുതി | 2-5 |
| 17 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-6 |
| 18 | ബി.എസ്.എൻ.എൽ-ന്റെ സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല | 2-7 |
| 19 | ഡി ആന്റ് ഒ ലൈസൻസ് ഫീസ് അടവാക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-8 |
| 20 | ഷോപ്പിംഗ് കോംപ്ലക്സ് വാടക – അപാകതകൾ | 2-9 |
| 21 | ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ കുത്തക മാറ്റി നൽകൽ | 2-10 |
| 22 | ടൗൺ ഹാളിന്റെ വാടക പിരിവിലെ അപാകതകൾ | 2-11 |
| 23 | കമ്യൂണിറ്റി ഹാൾ വാടക പിരിവ് - അപാകതകൾ | 2-12 |
| 24 | നഗര സഭ വക സ്റ്റേഡിയം വാടക പിരിവ് കാര്യക്ഷമമല്ല നഷ്ടം -81600/- | 2-13 |
| 25 | റോഡ് കട്ടിംഗ് ചാർജ്ജ് - ഡിമാന്റ് ചെയ്ത ഫീസ്, വാടക എന്നിവ നിയമാനുസൃതം ഈടാക്കുന്നില്ല | 2-14 |
| 26 | നഗരസഭ വക പേ വാർഡ് - വരവുചെലവുകൾ നഗരസഭയുടെ കണക്കുകളിൽ ഇല്ല | 2-15 |
| 27 | ഇ-ടെൻഡർ ഫോറവില നഗരസഭയുടെ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യണം | 2-16 |

| | | |
|---|---|---|
| | ഭാഗം - 3 | |
| 28 | പട്ടിക ജാതി കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ | 3-1 |
| 29 | ടിപ്പർ വാങ്ങൽ പ്രോജക്ട് അപാകതകൾ | 3-2 |
| 30 | മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തവരിൽനിന്നും 18% പലിശ ഈടാക്കേണ്ടതാണ് | 3-3 |
| 31 | മരുന്നുകൾ മുഴുവൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-4 |
| 32 | ആശ്രയ - ഫണ്ട് വിനിയോഗം സംബന്ധിച്ച് | 3-5 |
| 33 | ക്രിമറ്റോറിയം A M C- ടെൻഡർ നടപടികൾ പാലിക്കുന്നില്ല | 3-6 |
| 34 | സ്റ്റേഡിയം ഗ്രൗണ്ട് ഫ്ലോർ പൂർത്തീകരണം- അധികം തുക നല്കി | 3-7 |
| 35 | നഗരസഭ പെൻഷൻ ഫണ്ട് | 3-8 |
| | ഭാഗം - 4 | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 46 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 47 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 48 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 1.3.2016 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 33,98,78,673 | 30,91,21,000 |
| വാർഷിക കണക്കുകൾ പ്രകാരം | 20,06,85,635 | 19,47,99,858 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ ഭീമമായ അന്തരമുണ്ട്. EFMS വഴിയുള്ള 3.12 കോടി രൂപയുടെ ക്ഷേമപെൻഷനുകളുടെ തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഇത് ഉൾപ്പെടുത്തിയാലും ബജറ്റിലെയും വാർഷിക ധനകാര്യ പത്രികയിലെയും വരവ് ചെലവ് കണക്കുകൾ തമ്മിൽ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 15.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു, അപാകതകളില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,23,66,808.20 |
| വരവ് | 20,06,85,635 |
| ആകെ | 25,30,52,443.20 |
| ചെലവ് | 19,47,99,858 |
| നീക്കിയിരിപ്പ് | 5,82,52,585.20 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | തൻ വർഷ വരവ് | ചെലവ് തുക | ചെലവ് ശതമാനം | ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 2,07,81,035 | 2,07,81,035 | 2,04,56,706 | 98.43 | 3,24,329 |
| വികസനഫണ്ട് (എസ്.സി.പി) | 55,66,410 | 55,66,410 | 44,42,062 | 79.80 | 11,24,348 |
| വികസനഫണ്ട് (ടി.എസ്.പി) | -- | -- | -- | -- | -- |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2,03,58,750 | 2,03,58,750 | 1,60,45,039 | 78.81 | 43,13,711 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 53,28,645 | 53,28,645 | 51,84,872 | 97.30 | 1,43,773 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2,70,28,711 | 2,70,28,711 | 1,97,60,713 | 73.11 | 72,67,998 |
| ലോക ബാങ്ക് സഹായം | 2,45,89,256 | 2,45,89,256 | 1,94,89,135 | 79.25 | 51,00,121 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 235 | 11,79,89,602 | 188 | 8,53,78,527 | 80 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 18 | 14 | 1,18,50,366 | 1,01,65,559 | 85.78 |
| എസ്.സി.ഡി.ഒ | 1 | 1 | 4,94,000 | 4,36,008 | 88.26 |
| മുനിസിപ്പൽ എഞ്ചിനീയർ | 175 | 138 | 8,75,97,881 | 6,24,29,211 | 71.26 |
| കൃഷി ഓഫീസർ | 5 | 5 | 5,43,000 | 4,24,749 | 78.22 |
| മെഡിക്കൽ ഓഫീസർ | 4 | 4 | 16,12,000 | 14,05,000 | 87.15 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 5,00,000 | 5,00,000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 5,50,000 | 5,50,000 | 100 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 6 | 44,73,831 | 43,08,746 | 96.3 |

| | | | | | |
|---|---|---|---|---|---|
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 0 | 2,10,000 | 0 | 0 |
| പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 14 | 11 | 91,39,304 | 45,18,456 | 49.43 |
| വെറ്ററിനറി സർജൻ | 6 | 6 | 5,54,900 | 3,82,800 | 68.98 |

.

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 19.73% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4,41,32,171 | 5,20,77,013 | 79,44,842 | (+)15.25 |
| നികുതിയേതര വരവുകൾ | 1,97,06,609 | 2,46,77,561 | 49,70,952 | (+)20.14 |
| മറ്റുവരവുകൾ | 58,81,340 | 67,27,399 | 8,46,059 | (+)12.57 |
| ആകെ | 6,97,20,120 | 8,34,81,973 | 1,37,61,853 | (+)19.73 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,82,360 | 325 |
| കർഷകതൊഴിലാളി പെൻഷൻ | 9,99,170 | 79 |
| വിധവാപെൻഷൻ | 1,19,85,850 | 991 |
| വാർദ്ധക്യകാല പെൻഷൻ | 1,61,48,305 | 1777 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 28,95,380 | 259 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 2,70,100 | 26 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90,000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2017 തീയതിയിൽ 3.30 പി. എം. ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,50,761/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. ക്യാൻസൽ ചെയ്യുന്ന രസീതുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. രസീതു ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

2. വാടക രജിസ്റ്റർ, തൊഴിൽ രജിസ്റ്റർ, ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ എന്നിവയിൽ കെട്ടിട നമ്പറും, ഉടമ, സ്ഥാപനത്തിന്റെ പേര് എന്നിവയും വ്യക്തമായി രേഖപ്പെടുത്തുന്നില്ല.
3. വസ്തു നികുതി പരിഷ്കരണം പൂർണമായും നടപ്പിലാക്കിയിട്ടില്ല.
4. വാടക രജിസ്റ്ററിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും രസീത് നമ്പരും രേഖപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.7.2016 മുതൽ 11.7.2016 വരെ | 2013-14, 2014-15,2015-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.9.2015 മുതൽ 22.9.2015 വരെ | 2009-10 മുതൽ 2014-15വരെ | 21.10.15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

നഗരസഭയുടെ അക്കൗണ്ട്സ് വിഭാഗത്തിൽ അക്കൗണ്ടുകളുടെ പ്രതിദിന, പ്രതിമാസ, ത്രൈമാസ, അർദ്ധവർഷ പൊരുത്തപ്പെടുത്തലുകൾ(റീകൺസിലിയേഷൻ) നടത്തി കണക്കുകൾ കൃത്യമാക്കുന്നില്ല.

I. അക്കൗണ്ട്സ് വിഭാഗത്തിൽ ക്യാഷ്ബുക്ക് തയ്യാറാക്കുന്നുണ്ടെങ്കിലും അതിൽ വരവുഭാഗം രേഖപ്പെടുത്തുന്നില്ല. സാംഖ്യയിൽ നിന്ന് ഓരോ അക്കൗണ്ട് തിരിച്ച് ബാങ്ക് ബുക്കിന്റെ പ്രിന്റ് എടുത്ത് സൂക്ഷിക്കാമെങ്കിലും അപ്രകാരം സൂക്ഷിക്കുന്നില്ല.
ഓരോ അക്കൗണ്ടിന്റെയും ബാങ്ക് ബുക്കുകൾ പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതും ഓരോ ദിനാന്ത്യത്തിലും അക്കൗണ്ട്സിന്റെ ചുമതല വഹിക്കുന്ന സെക്ഷൻ, അക്കൗണ്ട്സ് ഓഫീസർ/സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും മേൽ ചേർത്തിരിക്കുന്ന പ്രതിദിന, പ്രതിമാസ, ത്രൈമാസ, അർദ്ധവർഷ പൊരുത്തപ്പെടുത്തലുകൾ ക്രമമായി നടത്തേണ്ടതുമാണ്. വിശദമായ നിർദ്ദേശങ്ങൾക്ക് അക്കൗണ്ട്സ് ചട്ടങ്ങൾ കാണുക.

II. മൂവാറ്റുപുഴ നഗരസഭയുടെ 2016-17 വാർഷിക ധനകാര്യപത്രികയിലെ സ്ഥിരനിക്ഷേപം എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 31/03/2017- ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം 39,05,151/- ആണെങ്കിലും, ബാലൻസ് ഷീറ്റിലെ ഷെഡ്യൂളിൽ വരുന്നത് 18,21,497/-

എന്ന തുക മാത്രമാണ്. ബാക്കി 20,84,654/- രൂപ അർബൻ ഹാറ്റ് എന്ന പ്രൊജക്ടിന്റെ അക്കൗണ്ടായ സിൻഡിക്കേറ്റ് ബാങ്കിലെ എസ്.ബി.അക്കൗണ്ടിൽ തന്നെ സ്ഥിരനിക്ഷേപമായി മാറ്റിയിട്ടിരിക്കുകയാണ്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ 39,05,151/- രൂപ തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

യഥാർത്ഥത്തിൽ നഗരസഭയുടെ തനത് ഫണ്ട് നിക്ഷേപം എന്ന നിലയിൽ കണക്കാക്കാവുന്നത് 18,21,497/- രൂപ മാത്രമാണ്. മറ്റ് നിക്ഷേപങ്ങൾ പ്രത്യേകാവശ്യ ഫണ്ടുകൾ അതാത് അക്കൗണ്ടിൽ പലിശ ലഭിക്കാവുന്ന രീതിയിൽ നിക്ഷേപമായി മാറ്റിയിട്ടിരിക്കുന്നു എന്ന് മാത്രമാണ്.

രജിസ്റ്ററിലും, അക്കൗണ്ട്സിലും രണ്ട് രീതിയിൽ നിക്ഷേപം കാണിച്ചിരിക്കുന്നതിലെ ഈ വൈരുദ്ധ്യം പരിഹരിക്കേണ്ടതാണ്.

## 2-2 രസീത് പരിശോധന

നഗരസഭയുടെ മാന്വൽ രസീത് പ്രകാരമുള്ള പിരിവ് തുകകൾ നഗരസഭയിൽ അടച്ചത് 03/10/2017 വരെയും, പിരിവുകളുടെ അടവ്, ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേയ്ക്കുള്ള അടവ് എന്നിവ 31/03/2017 വരെയും, പരിശോധിച്ചു. 01/04/2017 മുതലുള്ള ചിട്ടയോ അക്കൗണ്ടുകളെ സംബന്ധിച്ച ബാങ്ക് ബുക്കുകളോ പരിശോധനയ്ക്ക് ഹാജരാക്കാത്തതുകാരണമാണ് 1/4/17 മുതൽ 3/10/17 വരെയുള്ള അടവ് പരിശോധിക്കാൻ സാധിക്കാതെ വന്നത്.

നഗരസഭയുടെ അക്കൗണ്ടുകളിൽ നിന്നുള്ള പിൻവലിക്കലുകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ക്യാഷ് ബുക്കിന്റെ അടിസ്ഥാനത്തിൽ 31/08/2017 വരെ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കുകളുമായി ഒത്തുനോക്കി പരിശോധിച്ചു (കാഷ് ബുക്കിൽ ചെലവ് ഭാഗം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ). നഗരസഭയുടെ അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ നടത്താത്തതിനാൽ 31-03-2017 ന ശേഷമുള്ള പരിശോധന പൂർണ്ണമല്ല.

<u>ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പലിശ ലഭിക്കുന്നില്ല</u>

മുനിസിപാലിറ്റിയുടെ 2016-17 അക്കൗണ്ട്സിലെ I-8 ഷെഡ്യൂൾ പ്രകാരം മുനിസിപ്പാലിറ്റിയുടെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പലിശയിനത്തിൽ 799969 രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ എറണാകുളം ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ള മുനിസിപ്പാലിറ്റി അക്കൗണ്ടുകളിൽ നിന്നും ഈയിനത്തിൽ വരവുകളൊന്നും ലഭിച്ചതായി കാണുന്നില്ല. ഈയിനത്തിൽ പിരിഞ്ഞു കിട്ടുവാനുള്ള പലിശ ലഭ്യമാക്കേണ്ടതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി പരിഷ്കരണം

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 14.1.2011 ലെ സ.ഉ.(അ) നം. 18/2011/ത.സ്വ.ഭ.വ., 27.4.2015 ലെ സ.ഉ.(എം.എസ്) 144/15/ത.സ്വ.ഭ.വ. ഉത്തരവുകൾ പ്രകാരം വസ്തു നികുതി പരിഷ്കരിച്ചു കൊണ്ടുള്ള കേരള മുനിസിപാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 10.12.2014 ലെ 35-ാമത് നമ്പർ കൗൺസിൽ തീരുമാനപ്രകാരം പരമാവധി ഒരു വർഷത്തേക്ക് (9.12.2015) വരെ വസ്തു നികുതി പരിഷ്കരണം നിർത്തി വച്ചിരുന്നു. വസ്തു നികുതി പരിഷ്കരണം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണെന്ന് തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ സെക്രട്ടറി നേരിട്ട് നിർദ്ദേശം നൽകിയിട്ടുണ്ട്.

1. വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട ഫയൽ രേഖകൾ പരിശോധിച്ചതിൽ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കണ്ടു. നിലവിലുള്ള കെട്ടിടങ്ങളുടെ ഫോം 6 എൻട്രി പൂർത്തിയാക്കി അപ്രൂവ് ചെയ്തിട്ടുള്ളതും,പുതിയ കെട്ടിടങ്ങളുടെ ഫോം 6 എൻട്രി 2017 മെയ് മാസം വരെ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. തുടർന്നുള്ള മാസങ്ങളുടെ എൻട്രി എത്രയും വേഗം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റി നൽകുമ്പോൾ രജിസ്റ്ററിനോടൊപ്പം സഞ്ചയയിലും രേഖപ്പെടുത്തൽ കാലികമാക്കേണ്ടതാണ്. വസ്തു നികുതി അടക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ള മുഴുവൻ കെട്ടിട ഉടമകളിൽ നിന്നും സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ചിട്ടില്ല. ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾ റഗുലറൈസ് ചെയ്യുന്ന മുറയ്ക്ക് വസ്തു നികുതി ചുമത്തി നൽകിയിട്ടുണ്ട്. സഞ്ചയ ഓൺലൈന്റെ അരിയർ ഡിമാന്റ് എൻട്രി മെനുവിൽ 2013-14 ന് മുമ്പുള്ള വർഷങ്ങളിലെ എൻട്രി വരുത്തിയിട്ടില്ല. ആയതിനാൽ

2013-14 ന് മുമ്പുള്ള കുടിശ്ശികകൾ പൂർണമായി ഡിമാന്റ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7 നുള്ള മറുപടിയിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 3 മാസത്തിനുള്ളിൽ നടപടി പൂർത്തിയാക്കി മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് പൂർത്തിയാക്കാനുള്ള നടപടികൾ കാലതാമസം കൂടാതെ നടപ്പിലാക്കേണ്ടതാണ്. ഓൺലൈനായി നികുതി സ്വീകരിച്ചു തുടങ്ങുമ്പോൾ 2013-14 ന് മുമ്പുള്ള അരിയർ ഡിമാന്റ് ചെയ്യാൻ സാധിക്കാതിരുന്നാൽ പ്രസ്തുത തുക പിന്നീട് ലഭിക്കാത്ത സാഹചര്യമുണ്ടാകു മെന്നതിനാൽ ആയത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സഞ്ചയയിൽ വസ്തുനികുതി എൻട്രി കൃത്യമാക്കിയിട്ടില്ല.
മുനിസിപ്പാലിറ്റിയുടെ വസ്തുനികുതി രജിസ്റ്ററും സഞ്ചയയും പരിശോധിച്ചതിൽ നിന്നും പല കെട്ടിടങ്ങളും സഞ്ചയയിൽ നിന്നും ഒഴിവായതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | വാർഡ്/ കെട്ടിട നം/ ഉപയോഗ ക്രമം | ഉടമ | വിസ്തീർണ്ണം | വസ്തുനികുതി രജിസ്റ്റർ പ്രകാരം നിശ്ചയിച്ചിട്ടുള്ള നികുതി |
|---|---|---|---|---|
| 1 | 9/288A, വാണിജ്യാവശ്യം | ഹാലസ് ചെറിയാൻ, ചെനയപള്ളിൽ | 153.64 | 19,084/- |
| 2 | 9/288 B, വാണിജ്യാവശ്യം | അബ്ദുൾ റസാഖ്, മലേക്കുടിയിൽ | 42.57 | 5,289/- |
| 3 | 9/288 B1, വാണിജ്യാവശ്യം | ” | 47.18 | 5,862/- |
| 4 | 9/288 B2, വാണിജ്യാവശ്യം | ” | 26.72 | 3,320/- |
| 5 | 9/288 B3, വാണിജ്യാവശ്യം | ” | 30.55 | 3,795/- |
| 6 | 9/288 B4, വാണിജ്യാവശ്യം | ” | 34.76 | 4,319/- |
| 7 | 9/288 B5, വാണിജ്യാവശ്യം | മുഹമ്മദ് അജിം.എസ്., അട്ടുപറമ്പ് പുത്തൻപുരയിൽ | 16.31 | 2,028/- |
| 8 | 9/288 B6, വാണിജ്യാവശ്യം | ഹാലസ് ചെറിയാൻ, ചെനയപള്ളിൽ | 35.23 | 4,378/- |
| 9 | 9/288 B7, വാണിജ്യാവശ്യം | ഹാലസ് ചെറിയാൻ, ചെനയപള്ളിൽ | 33.32 | 4,139/- |
| 10 | 9/288 B8, വാണിജ്യാവശ്യം | കെ.എം.അബൂബക്കർ, കിഴക്കേപുത്തൻപുരയിൽ | 32.95 | 4,094/- |
| 11 | 9/288 B9, വാണിജ്യാവശ്യം | കെ.എം.അബൂബക്കർ, കിഴക്കേ പുത്തൻപുരയിൽ | 38.15 | 4,741/- |
| 12 | 9/288 B10, | കെ.എം.അബൂബക്കർ, | 33.62 | 4,178/- |

| | | | | |
|---|---|---|---|---|
| | വാണിജ്യാവശ്യം | കിഴക്കേ പുത്തൻപുരയിൽ | | |
| 13 | 9/288 B11, വാണിജ്യാവശ്യം | കെ.എം.അബൂബക്കർ, കിഴക്കേ പുത്തൻപുരയിൽ | 30.46 | 3,786/- |
| 14 | 9/288C, വാണിജ്യാവശ്യം | ഹാലസ് ചെറിയാൻ, ചെനയപള്ളിൽ | 187.26 | 23,260/- |
| 15 | 9/288D, വാണിജ്യാവശ്യം | അബ്ദുൾ റസാഖ്, മലേക്കുടിയിൽ | 41.25 | 4,870/- |
| 16 | 9/288D1, വാണിജ്യാവശ്യം | ” | 45.81 | 5,408/- |
| 17 | 9/288D2, വാണിജ്യാവശ്യം | ” | 25.88 | 3,056/- |
| 18 | 9/288D3, വാണിജ്യാവശ്യം | ” | 29.65 | 3,501/- |
| 19 | 9/288D4, വാണിജ്യാവശ്യം | ” | 33.66 | 3,974/- |
| 20 | 9/288D5, വാണിജ്യാവശ്യം | മുഹമ്മദ് അജിം.എസ്., അട്ടുപറമ്പ് പുത്തൻപുരയിൽ | 15.86 | 1,874/- |
| 21 | 9/288D6, വാണിജ്യാവശ്യം | ഹാലസ് ചെറിയാൻ, ചെനയപള്ളിൽ | 34.13 | 4,030/- |
| 22 | 9/288D7, വാണിജ്യാവശ്യം | ഹാലസ് ചെറിയാൻ, ചെനയപള്ളിൽ | 32.47 | 3,834/- |
| 23 | 9/288D8, വാണിജ്യാവശ്യം | കെ.എം.അബൂബക്കർ, കിഴക്കേ പുത്തൻ പുരയിൽ | 32.25 | 3,807/- |
| 24 | 9/288D9, വാണിജ്യാവശ്യം | ” | 36.96 | 4,364/- |
| 25 | 9/288D10, വാണിജ്യാവശ്യം | ” | 32.72 | 3,862/- |
| 26 | 9/288D11, വാണിജ്യാവശ്യം | ” | 29.50 | 3,482/- |
| 27 | 9/288D12, വാണിജ്യാവശ്യം | ഹാലസ് ചെറിയാൻ, ചെനയപള്ളിൽ | 134.86 | 15,914/- |
| 28 | 12/365A, പാർപ്പിടം | പ്രശാന്ത് ബി.,ക്കുട്ടുങ്കൽ രണ്ടാർ | 141.44 | 1,790/- |
| 29 | 12/80H | സന്തോഷ്, അജി സന്തോഷ്,എടക്കുഴിയിൽ, കിഴക്കേക്കര | 52.96 | 672/- |

| | | | | |
|---|---|---|---|---|
| 30 | 12/85C | ശങ്കരൻ നമ്പൂതിരി, ശ്രീദേവി അന്തർജനം, കൊന്നശേരി ഇല്ലം | 135.53 | 12,625/- |
| 31 | 12/81F | സാബു വി മാത്യു, സജി വി മാത്യു, ഈസ്റ്റ് വാഴപ്പള്ളി | 184.94 | 21,056/- |
| 32 | 12/137A | ബഷീർ, കുരുപ്പ്തടത്തിൽ കിഴക്കേക്കര | 81.45 | 1,031/- |
| 33 | 16/393 B | പ്രിയ പദ്മകുമാർ, അനുപമ, മൂവാറ്റുപുഴ | 121.5 | 12,576/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 8-ാം വാർഡിന്റെ രജിസ്റ്ററിനു പകരം 9 -ാം വാർഡിന്റെ രജിസ്റ്ററിലാണ് തെറ്റായി രേഖപ്പെടുത്തിയതെന്നും സഞ്ചയയിൽ, മേൽ പട്ടികയിൽ സൂചിപ്പിച്ച 9-ാം വാർഡിലെ കെട്ടിടങ്ങൾ 8-ാം വാർഡിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മറ്റു വാർഡുകളിലെ രജിസ്റ്ററുകൾ പരിശോധിച്ചപ്പോഴും സമാനമായ പിഴവുകളും ഒഴിവാക്കലുകളും ശ്രദ്ധയിൽ പെട്ടു. രജിസ്റ്ററുകൾ പരിശോധിച്ച് എല്ലാ കെട്ടിടങ്ങളും സഞ്ചയയിൽ അസ്സസ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2-4 വസ്തു നികുതി പിരിവ് - അപാകതകൾ

1. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 233(9) വകുപ്പിൽ 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)18/2011ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് താഴെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 70/- രൂപയായും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 90/- രൂപയായും മുനിസിപ്പാലിറ്റി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100/-ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 70/-രൂപ നിരക്കിലാണ് വസ്തു നികുതി ഈടാക്കിയത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര്, വിലാസം | മുറിയുടെ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി (അടിസ്ഥാനമായ വർദ്ധന, ഇളവ്, ലൈബ്രറി സെസ്, സേവന ഉപനികുതി സഹിതം) | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | 2/276 A | പി.എസ്. | 62.95 | 5576 | 7167 | 1591 |

| | | | | | | |
|---|---|---|---|---|---|---|
| | 2/276 B | വിജയകുമാർ, പറമ്പത്ത് | 62.95 | 5576 | 7167 | 1591 |
| | 2/276 C | | 62.95 | 5576 | 7167 | 1591 |
| 2 | 9/240 A | എം.വി.യൂസഫ്, എം.വി. സുൽഫിക്കർ, വെളിയത്തു കുടിയിൽ | 49 | 3945 | 5072 | 1127 |
| | 9/240 B | | 17 | 1302 | 1760 | 458 |
| | 9/240 B1 | | 17 | 1302 | 1760 | 458 |
| | 9/240 B2 | | 17 | 1302 | 1760 | 458 |
| | 9/240 C | | 44 | 3542 | 4554 | 1012 |
| | 9/240 D | | 15.34 | 1176 | 1587 | 411 |
| | 9/240 D1 | | 15.34 | 1176 | 1587 | 411 |
| | 9/240 D2 | | 15.34 | 1176 | 1587 | 411 |
| 3 | 12/85 A | ശങ്കരൻ നമ്പൂതിരി, ശ്രീദേവി അന്തർജനം, കൊന്നശേരി ഇല്ലം | 40.36 | 3575 | 4595 | 1020 |
| | 12/85 B | | 94.49 | 8368 | 10758 | 2390 |
| 4 | 14/481A | മീരാൻപി.എം., പൈനായിൽ, മൂവാറ്റുപുഴ | 34.88 | 3090 | 3970 | 880 |
| | 14/481B | | 40.89 | 3622 | 4655 | 1033 |
| | 14/481C | | 57 | 5048 | 6489 | 1441 |
| 5 | 26/177A | എം.വി.വർക്കി, മൂലംകുഴിയിൽ | 42.1 | 4068 | 5229 | 1161 |
| | 26/177B | | 81.25 | 9588 | 9588 | -- |
| | 26/177C | | 81.25 | 9588 | 9588 | -- |
| 6 | 26/452A | കെ.ജി.ജിജോ, കെ.മധുസൂദനൻ | 53.36 | 6629 | 6629 | -- |
| | 26/452A1 | | 74.82 | 6024 | 9293 | 3269 |

2. താഴെ കൊടുത്തിരിക്കുന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നികുതി കണക്കാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്.

| വാർഡ്, കെട്ടിട നം | കെട്ടിടത്തിന്റെ പേര് | വിസ്തീർണ്ണം ച.മീ. | രേഖപ്പെടുത്തിയ ഉപയോഗക്രമം, നിർണ്ണയിച്ച നികുതി | രേഖപ്പെടുത്തേണ്ടത്, നിർണ്ണയിക്കേണ്ട നിരക്ക് | കുറവ് |
|---|---|---|---|---|---|
| 22/742A | മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ | 131.22 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണം ഉള്ള | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണം ഉള്ള | 3,620/- |

| | | | | | |
|---|---|---|---|---|---|
| | അഡീഷണൽ ഡിസ്ട്രിക്ട് കോർട്ട് മൂവാറ്റുപുഴ (റെസ്റ്റോറന്റ് ) | | ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ, 12678/- | ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ, 16298/- | |

ആയതു സംബന്ധിച്ച എൻക്വയറിക്ക് പ്രസ്തുത കെട്ടിടങ്ങൾക്ക് ബാധകമായ 90 രൂപ നിരക്കിൽ നികുതി അസ്സസ് ചെയ്ത് നഗരസഭയ്ക്ക് സംഭവിച്ച നഷ്ടം നികത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.ആയതിനാൽ ഇപ്രകാരം കുറവായി നികുതി നിശ്ചയിച്ച സമാനമായ എല്ലാ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് നഗരസഭക്ക് ഉണ്ടായ നഷ്ടം നികത്തേണ്ടതാണ്.

## 2-5 പെട്രോൾ പമ്പുകളുടെ വസ്തുനികുതി

നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന 6 പെട്രോൾ പമ്പുകളുടെ വിവരങ്ങളാണ് രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നഗരസഭാ പരിധിയിൽ രേഖപ്പെടുത്തിയതിലും കൂടുതൽ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. സഞ്ചയ പ്രകാരം ലഭിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | നികുതി കണക്കാക്കിയ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി |
|---|---|---|---|---|
| 1 | 21/144A | ജോൺ കട്ടയ്ക്കൽ | 600 | 45,540 |
| 2 | 17/295 | രാജേഷ് മാത്യു | 164 | 10,448 |
| 3 | 14/140 | സി.കെ.ഷാജി | 430.53 | 13,815 |
| 4 | 10/122 | ടി.എസ്.ബന്യാമിൻ | 30 | 1,614 |
| 5 | 9/1237 | സ്വാമി | 48 | 1,355 |
| 6 | 7/298 | ചന്ദ്രശേഖരൻ | 66 | 907 |

ഫയലുകൾ ലഭ്യമല്ലാത്തതിനാൽ പെർമിറ്റ് അനുവദിച്ച മുഴുവൻ സ്ഥലത്തിനും വസ്തുനികുതി ഈടാക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. മേൽപ്പട്ടികയിൽ നിന്നും വളരെ വിസ്തീർണം കുറച്ചാണ് ചില പെട്രോൾ പമ്പുകളുടെ (ക്രമ നം. 2, 4, 5, 6) വസ്തുനികുതി കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാണ്. പെട്രോൾ പമ്പിന്റെ ഉപയോഗത്തിനുള്ള മുഴുവൻ സ്ഥലവും കാനോപ്പി ഏരിയയും കെട്ടിടങ്ങളും കണക്കിലെടുത്താണ് വസ്തു നികുതി കണക്കാക്കിയിരിക്കുന്നതെന്ന് സ്ഥല പരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്. കൂടാതെ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പെട്രോൾ പമ്പുകളുടെയും വസ്തു നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി ഈടാക്കിയില്ല

1994ലെ കേരള മുനിസിപ്പൽ ആക്ടിലെ വകുപ്പ് 245(i) പ്രകാരം, ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. എന്നാൽ, മൂവാറ്റുപുഴ നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ചാട്ടയിൽ സ്റ്റോഴ്സ് | രണ്ട് അർദ്ധവർഷത്തിലും അടച്ചിട്ടില്ല. |
| 2 | ഓറിയന്റൽ സ്റ്റീൽസ് | ” |

| | | |
|---|---|---|
| 3 | പെട്രോൾ പമ്പ് (സി.എം.അബ്ദുൾ റഹിം) | ,, |
| 4 | കൊശമറ്റം ഫിനാൻസ് വെള്ളൂർകുന്നം | ,, |
| 5 | എ.ഇ.എം. സ്റ്റീൽ ഹൗസ് വെള്ളൂർകുന്നം | ,, |
| 6 | സി.സി. കുര്യൻ ആന്റ് കമ്പനി വാഴപ്പള്ളി | ,, |
| 7 | റോയൽ ബേക്കേഴ്സ് വാഴപ്പള്ളി | ,, |
| 8 | മണപ്പുറം ഫിനാൻസ്, വെള്ളൂർകുന്നം | ആദ്യ അർദ്ധവർഷം അടച്ചില്ല |
| 9 | കെ.എൽ.എം. ഫിനാൻസ് | രണ്ട് അർദ്ധവർഷത്തിലും അടച്ചിട്ടില്ല. |
| 10 | അഹല്യ ഐ ഹോസ്പിറ്റൽ | രണ്ടാം അർദ്ധവർഷം അടച്ചില്ല |
| 11 | ഹിന്ദുജ ലെയ് ലാൻഡ് ഫിനാൻസ് ലിമിറ്റഡ് | ,, |
| 12 | തോട്ടം സൂപ്പർമാർക്കറ്റ് | രണ്ട് അർദ്ധവർഷത്തിലും അടച്ചിട്ടില്ല. |
| 13 | ഇൻഡസ്ട്രിയൽ ബാങ്ക് മൂവാറ്റുപുഴ | രണ്ട് അർദ്ധവർഷത്തിലും അടച്ചിട്ടില്ല. |
| 14 | ആർടെക് ബിൽഡിംഗ് ഡിസൈനേഴ്സ് ,കടാതി | രണ്ട് അർദ്ധവർഷത്തിലും അടച്ചിട്ടില്ല. |
| 15 | എ.ആർ.കെ ചിട്ടി ഫണ്ട് | ആദ്യ അർദ്ധവർഷം അടച്ചില്ല |
| 16 | മഹീന്ദ്ര ആന്റ് മഹീന്ദ്ര ഫിനാൻസ് | രണ്ട് അർദ്ധവർഷത്തിലും അടച്ചിട്ടില്ല. |
| 17 | പ്രജ സെക്യൂരിറ്റീസ് | ,, |
| 18 | നെടുമ്പറമ്പിൽ ക്രഡിറ്റ് സിൻഡിക്കേറ്റ് | ,, |
| 19 | സിനി പോയിന്റ് | ,, |

മേൽ പട്ടികയിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും, ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ബി.എസ്.എൻ.എൽ - ന്റെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)No. 16670/2006 കേസിൽ 09.09.2016 തീയതിയിൽ പുറപ്പെടുവിച്ച വിധിയിൽ ബി.എസ്.എൻ.എൽ. സ്ഥാപനതൊഴിൽ നികുതി അടയ്ക്കേണ്ടതാണെന്ന് ഉത്തരവിട്ടിട്ടുണ്ട്. എന്നാൽ, 2016-17 സാമ്പത്തിക വർഷത്തിൽ സീനിയർ അക്കൗണ്ട്സ് ഓഫീസർ ടെലികോം മൂവാറ്റുപുഴ, ഡപ്യൂട്ടി ജനറൽ മാനേജർ സബ് റീജിയണൽ ഓഫീസ് മൂവാറ്റുപുഴ എന്നീ ഓഫീസുകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ആയതിനാൽ മേൽ സൂചിപ്പിച്ച രണ്ട് സ്ഥാപനങ്ങളിൽ നിന്നും 2,500/- രൂപ വീതം ഈടാക്കി, സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന 5,000/- രൂപ നഗരസഭാഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 2-8 ഡി ആന്റ് ഒ ലൈസൻസ് ഫീസ് അടവാക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള മുനിസിപ്പാലിറ്റി ആക്ട്, 1994 സെക്ഷൻ 447 പ്രകാരം മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു സ്ഥലവും വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ മറ്റു സേവനങ്ങൾ എന്നിവയ്ക്കായി പൊതുവെയും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും മുനിസിപ്പാലിറ്റിയുടെ ലൈസൻസ് ഇല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല. എന്നാൽ ഈ വ്യവസ്ഥ നഗരസഭയിൽ പാലിക്കുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ഡി ആന്റ് ഒ രജിസ്റ്റർ പരിശോധിച്ചതിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | സ്ഥാപനത്തിന്റെ / ഉടമയുടെ പേര് | ബിസിനസിന്റെ സ്വഭാവം | അടവാക്കേണ്ട ഫീസ് (രജിസ്റ്റാർ പ്രകാരം) |
|---|---|---|---|---|
| 1 | 3/240 | എം.എ.ഇബ്രാഹിം, മൂലേത്തൊട്ടിയിൽ | ഓട്ടോമൊബൈൽ | 850 |
| 2 | 4/693 | ഇസ്മായിൽ, പുല്ലേത്തുകുടിയിൽ | റെഡിമെയ്ഡ് ഡ്രസ് | 650 |
| 3 | 5/284 | എം.എം. സലാം, മാക്കുടിയിൽ | അലുമിനിയം ഫേബ്രിക്കേഷൻ | 400 |
| 4 | 1/157 | ടി.യു. ജോസ്, ഈസ്റ്റ് വാഴപ്പള്ളി | പ്രൊവിഷൻ സ്റ്റോർ | 250 |
| 5 | 6/207 A | സാന്റമോൻജയിംസ്, മുടവൂർ പി.ഒ | കോഫിൻ സെയിൽസ് | 500 |
| 6 | 6/479 | ബിജി ജോൺ, മറ്റത്തിൽ | ട്രാവൽസ് | 600 |
| 7 | 6/710 A14 | സി.കെ.ഹസൻ, ചോളമലയിൽ | കൂൾബാർ | 250 |
| 8 | 7/146 A6 | എ.വി.ജോർജ്, അക്കരവീട്ടിൽ | എഞ്ചിനിയറിംഗ് വർക് ഷോപ്പ് | 750 |
| 9 | 7/146A8 | മേരി ജോസ് അക്കരവീട്ടിൽ | ഫ്ലവർ മിൽ | 750 |
| 10 | 7/158E | ഓമന വേലായുധൻ | ആയുർവേദ ആന്റ് ഹോമിയോസെയിൽസ് | 350 |
| 11 | 7/345 | മൈതീൻ ബാവ, കുറ്റിക്കാട്ടുചാലിൽ | സോ മിൽ | 1000 |
| 12 | 8/4 | വർഗീസ് കളപ്പുരയിൽ | ഫ്രഷ് ഫിഷ് സെയിൽസ് | 800 |
| 13 | 8/359 A | ഗോപകുമാർ കെ.വി, കാരിച്ചാൽ | കൊറിയർ സർവീസ് | 500 |
| 14 | 8/386 A | ഹൊവ്വാമ്മ ജോൺ, അമ്മംകുളത്തിൽ | ടയർ സെയിൽസ് | 1000 |

| | | | | |
|---|---|---|---|---|
| 15 | 12/42 | ശാന്ത ചെറിയാൻ, കുളങ്ങര | പ്രിന്റിംഗ് പ്രസ് | 1200 |
| 16 | 12/695 | ദിനേശ് ഒ.കെ,ഒഴക്കനാട്ട് | ബേക്കറി | 450 |
| 17 | 12/696 | അബ്ദുൾ സലാം, മുളയിൽ | ഫുട് വെയേഴ്സ്, ബാഗ്സ് | 900 |
| 18 | 14/151 B5 | സാജു പോൾ, മൈലാട്ടുമേലേൽ | ബ്യൂട്ടിപാർലർ | 875 |
| 19 | 20/147 B | കെ.എം.ബാവ, കൊച്ചുകുടിയിൽ | ഹോളോബ്രിക്സ് | 1100 |
| 20 | 16/274 B | ബിബി മാത്യു, പിട്ടാപ്പിള്ളിൽ | സ്റ്റീൽ ഐറ്റംസ് | 1000 |
| 21 | 16/329 | ടി.എ. ഷാജി, പുള്ളോർക്കുടിയിൽ | കോൾഡ് സ്റ്റോറേജ് | 600 |
| 22 | 16/352 G | മേരി ബാബു, ഇടപ്പറമ്പിൽ | ടെക്സ്റ്റൈയിൽസ് | 750 |
| 23 | 13/227 B | പ്രിയ പദ്മകുമാർ, അനുപമ | ബ്യൂട്ടി പാർലർ | 750 |
| 24 | 14/185 | ജോൺസൻ കെ.ജോർജ്, കരോട്ടു നെടുങ്ങാട്ട് | അക്വേറിയം യൂണിറ്റ്സ് | 500 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് ഫീസ് ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് കർശനമായി നിയന്ത്രിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സഞ്ചയയിലെ കണക്ക് പ്രകാരം മുനിസിപ്പാലിറ്റി പരിധിയിൽ ഡി ആന്റ് ഒ ലൈസൻസ് എടുത്തു പ്രവർത്തിക്കേണ്ട ഗണത്തിൽ പെടുന്ന 6632 സ്ഥാപനങ്ങളുണ്ട്. എന്നാൽ 2016-17 ലെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2500 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.വരെ വിസ്തീർണ്ണമുള്ള ഷോപ്പുകൾ,റെസ്റ്റോറന്റുകൾ, ഹോട്ടൽ, ഗോഡൗൺ | 3961 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. നു മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പുകൾ,റെസ്റ്റോറന്റുകൾ, ഹോട്ടൽ, ഗോഡൗൺ | 2136 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.വരെ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാൾ | 9 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. നു മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാൾ | 81 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ, | 33 |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 277 |
| ആശുപത്രികൾ | 50 |
| അസംബ്ലി കെട്ടിടം,കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയങ്ങൾ, തിയേറ്റർ | 295 |

| | |
|---|---|
| വ്യവസായ ആവശ്യത്തിനുള്ളവ കൈത്തറി ഷെഡ്, കയർപിരിഷെഡ് | 39 |
| ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ളവ | 59 |
| റിസോർട്ടുകൾ | 26 |
| ആകെ | 6966 |

പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതാണോ എന്ന് ഉറപ്പാക്കി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഡി ആന്റ് ഒ പരിധിയിൽ കൊണ്ടു വരുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മുനിസിപ്പാലിറ്റി പരിധിയിൽ 10 സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മെഷിനറി ഫീസ് പിരിക്കുന്നില്ല. മുനിസിപ്പാലിറ്റി ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഷെഡ്യൂളിൽ (നം.82) യന്ത്രസാമഗ്രികളുടെ എച്ച്.പി. അടിസ്ഥാനത്തിൽ ഈടാക്കേണ്ട ഫീസ് വ്യക്തമാക്കുന്നുണ്ട്. കൂടാതെ മുനിസിപ്പാലിറ്റി ചട്ടങ്ങളിലും (പട്ടിക 3) സിനിമയുടെ ആവശ്യങ്ങൾക്കുള്ള റെക്റ്റിഫയറിനുള്ള എച്ച്.പി. അടിസ്ഥാനത്തിലുള്ള ഫീസ് വ്യക്തമാക്കിയിട്ടുള്ളതാണ്. തിയേറ്ററുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1.കാർണിവൽ സിനിമാസ് (3 സ്ക്രീൻ)
2. ഇ.വി.എം. ലതാ (2 സ്ക്രീൻ)
3. ഐസക്സ്
4. മരിയ
5. കന്റോൺ സിനി പ്ലസ് (2 സ്ക്രീൻ)
6. വെട്ടുകാട്ടിൽ സിനിമാസ്

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തിയേറ്ററുകളിൽ പരിശോധന നടത്തി ലൈസൻസ് ഫീസ് ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മെഷിനറി ഫീസ് ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ഷോപ്പിംഗ് കോംപ്ലക്സ് വാടക - അപാകതകൾ

മൂവാറ്റുപുഴ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ 2016-17 സാമ്പത്തിക വർഷത്തിൽ വാടകയ്ക്ക് നൽകിയതിൽ താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്.

1) താഴെ പറയുന്ന ലൈസൻസികളിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ വാടക കരാർ പുതുക്കി നൽകിയപ്പോൾ, കരാർ പ്രകാരമുള്ള 5% വർദ്ധനവ് വരുത്തി വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം | വാടക ഉടമ | കെട്ടിട നം | 5% വർദ്ധന വിൽ ഈടാ ക്കേണ്ടിയിരുന്ന വാർഷിക വാടക | ഈടാക്കിയ വാർഷിക വാടക | 16-17ൽ കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | റ്റി എം സലാം തട്ടുപറമ്പിൽ, ചെറുവട്ടൂർ പിഒ | കെ.എം.ജി.എം. കോംപ്ലക്സ് 3 | 30372 | 28920 | 1452 |
| 2 | നെബിൻ മേപ്പുറത്ത് മാർക്കറ്റ് പിഒ | കെ.എം.ജി.എം. കോംപ്ലക്സ് 14 | 33684 | 32076 | 1608 |
| 3 | എംഎ റഹീം മയ്യുണ്ണിയിൽ മുളവൂർ | കെ.എം.ജി.എം. കോംപ്ലക്സ് 11 | 28800 | 27432 | 1368 |

| | | | | | |
|---|---|---|---|---|---|
| 4 | എംഎം മുഹമ്മദ് മൂലയിൽ,മൂവാറ്റുപുഴ | കെ.എം.ജി.എം. കോംപ്ലക്സ് 19c | 24900 | 23712 | 1188 |
| 5 | റെജി കെജെ കൊച്ചുപുരക്കൽ മുടവൂർ 27 | കെ.എം.ജി.എം. കോംപ്ലക്സ് 27 | 23520 | 22404 | 1116 |
| 6 | കെപി സലീം കോർമലത്താഴത്ത് ഏനാനെല്ലൂർ | സോണൽ ഓഫീസ് 5 | 15072 | 14352 | 720 |
| 7 | ബിജു വി തോട്ടം തോട്ടത്തിൽ കീച്ചേരിപ്പടി | കച്ചേരിത്താഴം കോംപ്ലക്സ് 6 | 174372 | 166068 | 8304 |
| 8 | പിഎം അബ്ദുൾസലാം പ്ലാമൂട്ടിൽ,മാങ്കുളം | കച്ചേരിത്താഴം കോംപ്ലക്സ് 11 | 41220 | 39252 | 1968 |
| 9 | ഫെറിൻ ഷറഫ് കിഴക്കുംഭാഗം മൂവാറ്റുപുഴ | കച്ചേരിത്താഴം കോംപ്ലക്സ് 12 | 63000 | 60000 | 3000 |
| 10 | പികെ ബാലു സൂര്യ ടെയ് ലേഴ്സ് | ലൈബ്രറി കോംപ്ലക്സ് 14 | 7716 | 7355 | 360 |
| 11 | സെക്രട്ടറി കൊ-ഓപ്പറേറ്റീവ് കോളേജ് | ലൈബ്രറി കോം പ്ലക്സ് 16, 17, 18 | 131748 | 125472 | 6276 |
| 12 | കൺവീനർ മൃദുല ഫുഡ്സ് യൂണിറ്റ് | വ്യവസായ പാർക്ക് 1, 2, 3 | 37428 | 35640 | 1788 |
| 13 | ബാലൻ തെയ്യാൻ മലേപ്പറമ്പിൽ കദളിക്കാട് | വ്യവസായ പാർക്ക് 9, 10 | 22680 | 21600 | 1080 |
| 14 | സ്മിത ജേക്കബ് എടാട്ടേൽ,ആരക്കുഴ | സത്രം കോംപ്ലക്സ് 24 | 23844 | 22704 | 1140 |
| 15 | ജനറൽ മാനേജർ അർബൻ ബാങ്ക് മൂവാറ്റുപുഴ | സത്രം കോംപ്ലക്സ് 31, 32, 39, 40 | 110088 | 104844 | 5244 |
| 16 | കെ ഒ മൈതീൻ കൊറ്റനാട്ടുപാറ പേഴക്കാപ്പിള്ളി | സത്രം കോംപ്ലക്സ് 33 | 29196 | 27804 | 1392 |
| 17 | ജോണി ജേക്കബ് കുന്നത്ത്,തൃക്കളത്തൂർ | സത്രം കോംപ്ലക്സ് 41 | 33216 | 31632 | 1584 |
| 18 | അലി മക്കാർ കളക്കാടൻകുഴിയിൽ | സത്രം കോംപ്ലക്സ് 46 | 22056 | 21000 | 1056 |

| | | | | | |
|---|---|---|---|---|---|
| 19 | പോൾജോസ് തോട്ടത്തിൽ ഈസ്റ്റ് മാറാടി | സത്രം കോംപ്ലക്സ് 54 | 28068 | 26736 | 1332 |
| 20 | പോൾജോസ് തോട്ടത്തിൽ ഈസ്റ്റ് മാറാടി | സത്രം കോംപ്ലക്സ് 61 | 28068 | 26736 | 1332 |
| 21 | സിന്ധു ഷൈജു ജോയിന്റ് കൺവീനർ അക്ഷയ സെന്റർ | സത്രം കോംപ്ലക്സ് 65 | 10104 | 9624 | 480 |
| 22 | ബാബു തടിലക്കുടിപ്പാറ മൂവാറ്റുപുഴ | സത്രം കോംപ്ലക്സ് 66 | 27096 | 25800 | 1296 |
| 23 | ഷാജി എൻഎ തടിമുറിയിൽ പായിപ്ര | സത്രം കോംപ്ലക്സ് 66A | 11976 | 11400 | 576 |
| 24 | സജി ജോസ് മഴവാൻ മറ്റത്തിൽ പെരുമ്പല്ലൂർ | പേവാർഡ് കോംപ്ലക്സ് 15 | 37896 | 36096 | 1800 |
| 25 | സജി ജോസ് മഴവാൻ മറ്റത്തിൽ പെരുമ്പല്ലൂർ | പേവാർഡ് കോംപ്ലക്സ് 17 | 31920 | 30396 | 1524 |
| 26 | സജി പൗലോസ് മേലേത്ത്, തങ്കളം | പേവാർഡ് കോംപ്ലക്സ് 36 | 19452 | 18528 | 924 |
| 27 | ഫ്രാങ്കോ ജോൺ മേക്കാട്ടുകുളം ആനിക്കാട് | പേവാർഡ് കോംപ്ലക്സ് 41 | 27792 | 26472 | 1320 |
| 28 | സുനിൽ എസ് മാജിമൻസിൽ കാവുങ്കര | പേവാർഡ് കോംപ്ലക്സ് 46 | 29052 | 27672 | 1380 |
| 29 | അയ്യപ്പൻ അയ്യന്തനേത്ത് മൂവാറ്റുപുഴ | പേവാർഡ് കോംപ്ലക്സ് 51 | 29052 | 27672 | 1380 |
| 30 | പിഎസ് ഷാഹുൽ പടിഞ്ഞാറെ ഒട്ടം, പേട്ട, മൂവാറ്റുപുഴ | പേവാർഡ് കോംപ്ലക്സ് 55 | 27120 | 25824 | 1296 |
| 31 | ജോൺ ജോസഫ് ചാലാട്ട്, ഒലിയപ്പുറം | പേവാർഡ് കോംപ്ലക്സ് 69 | 27120 | 25824 | 1296 |
| 32 | പി സുനിൽ ആൽത്തറയിൽ മാതിരപ്പിള്ളി | പേവാർഡ് കോംപ്ലക്സ് 81 | 21516 | 20496 | 1020 |

| | | | | | |
|---|---|---|---|---|---|
| 33 | നീല നവീൻ ഇടപ്പാറയിൽ വാഴപ്പിള്ളി | പേവാർഡ് കോംപ്ലക്സ് 84 | 19380 | 18456 | 924 |
| ആകെ | | | | | 58524 |

2) സത്രം കോംപ്ലക്സിലെ 29-ാം നമ്പർ മുറി 01/04/15 മുതൽ 31/03/18 വരെ മൂന്ന് വർഷത്തേക്ക് ഇ എം സന്തോഷ്, ഈന്തൻകുടിയിൽ, പുതുപ്പാടി എന്ന വ്യക്തിക്ക് വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ, 2016-17 സാമ്പത്തിക വർഷത്തിൽ പ്രതിമാസം ഈടാക്കേണ്ട വാടക 31776/- രൂപ (2648*12) ഈടാക്കിയിട്ടില്ല.

3) കുത്തക കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നിലവിലെ ലൈസൻസികൾക്ക് കെട്ടിടം വാടകയ്ക്ക് പുതുക്കി നൽകുമ്പോൾ, രജിസ്ട്രേഷൻ നിയമം പ്രകാരം കരാർ രജിസ്റ്റർ ചെയ്ത് വാടക കരാർ സാധുവാക്കുന്നില്ല.

മൂവാറ്റുപുഴ നഗരസഭ നാളിതുവരെ ഷോപ്പിംഗ് കോംപ്ലക്സ് കൊട്ടിടങ്ങളുടെ വാടകയ്ക്ക്, ഒരു ബൈലോ തയ്യാറാക്കി, നഗരസഭ കൌൺസിൽ അംഗീകരിച്ച്, സർക്കാർ സാധൂകരണം വാങ്ങിയിട്ടില്ല. ആയത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 15/04.11.17) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ വാടക ഇനത്തിൽ കുറവ് വന്ന 90300/-(58524+31776) രൂപ ബന്ധപ്പെട്ട വാടകക്കാരിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതും, വാടക നടപടിക്രമങ്ങളിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 2-10 ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ കുത്തക മാറ്റി നൽകൽ

മൂവാറ്റുപുഴ നഗരസഭയുടെ ഉടമസ്ഥതയിൽ നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി പത്തിലധികം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങൾ ഉണ്ട്. ഇവയുടെ നിർമ്മാണത്തിനായി വിവിധ ഏജൻസികളിൽ നിന്നും എടുത്ത വായ്പകൾ ഏകോപിപ്പിച്ച് കെ.യു.ആർ.ഡി.എഫ്.സി.യിലെ ഒറ്റ വായ്പയായി ക്രമീകരിച്ചിട്ടുണ്ട്. ഇതിന്റെ അടവിനായി നഗരസഭക്ക് 5,30,000/-രൂപ പ്രതിമാസം ചെലവുണ്ട്. എന്നാൽ, 2016-17 സാമ്പത്തിക വർഷത്തിൽ നഗരസഭയ്ക്ക് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളുടെ വാടകയിനത്തിൽ ലഭിച്ച വരുമാനം 79,83,402/- രൂപ മാത്രമാണ്. കമ്പോള നിരക്കിലും വളരെ താഴ്ന്ന വാടകയും, സെക്യൂരിറ്റി ഡെപ്പോസിറ്റും നിശ്ചയിച്ച് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതാണ് ഈ അന്തരത്തിന് കാരണം. ഈ ഇനത്തിൽ പ്രതിവർഷം 17ലക്ഷത്തിലധികം രൂപ നഗരസഭയ്ക്ക് അധികച്ചെലവുണ്ട്. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് വീണ്ടും തുക ചെലവഴിക്കേണ്ടി വരുകയോ ഫണ്ട് ലഭ്യമല്ലാത്തതിനാൽ അറ്റകുറ്റപ്പണികൾ നടത്താതിരിക്കുകയോ ചെയ്യുന്നു.

ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ നിലവിലെ കുത്തകക്കാരനിൽ നിന്നും അനന്തരാവകാശികൾക്കോ, പങ്കാളികൾക്കോ മാറ്റി നൽകുമ്പോൾ നഗരസഭ താഴെ കൊടുക്കുന്ന അപാകതകൾ വരുത്തിയിട്ടുണ്ട്

1) നിലവിലെ വാടകയിലോ, സെക്യൂരിറ്റി ഡെപ്പോസിറ്റിലോ യാതൊരു വർദ്ധനവും ഇല്ലാതെയാണ് കുത്തകക്കാരനിൽ നിന്നും അനന്തരാവകാശിക്ക് വാടക കുത്തക കൈമാറുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വാടകക്കാരൻ | അനന്തരാവകാശി | കെട്ടിട നം |
|---|---|---|---|
| 1 | പി.എൻ.ശിവശങ്കരൻ നായർ | പി.എസ്. രാജേഷ് | പ്രസ്സ്ക്ലബ്ബ് 616എ3 |
| 2 | കെ എച്ച് സൽമ, | സന്തൂപ്.എം.സഹീർ | കെഎംജിഎം.19,19A |
| 3 | കെ.സി.കുമാരൻ, കൈപ്പനാൽ | | സത്രം കോംപ്ലക്സ് 58 |

2) നിലവിലെ വാടകക്കാരനിൽ നിന്നും അദ്ദേഹത്തിന്റെ പങ്കാളിക്ക് വാടക കുത്തക

കൈമാറുമ്പോൾ നഗരസഭാ കൗൺസിൽ തീരുമാന പ്രകാരമുള്ള ആകെ സെക്യൂരിറ്റി ഡെപ്പോസിറ്റ് പുതിയ വാടകക്കാരനിൽ നിന്നും ഈടാക്കാതെ പഴയ ഡെപ്പോസിറ്റ് നിലനിർത്തിക്കൊണ്ട് വർദ്ധനവിന്റെ ഭാഗം മാത്രമേ ഈടാക്കുന്നുള്ളൂ. മിക്ക കേസുകളിലും വാടക വർദ്ധിപ്പിക്കുന്നുമില്ല. എന്നാൽ സ്ഥാപനത്തിന്റെ പങ്കാളിത്ത കരാറോ, ടി കരാറിൽ എന്നു മുതൽ പങ്കാളി കക്ഷിയായിട്ടുണ്ടെന്നുള്ള വിവരമോ നഗരസഭയിൽ ഇല്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| കുത്തക കൈമാറ്റത്തിന്റെ വിവരങ്ങൾ | കെട്ടിട നം | കൗൺസിൽ തീരുമാനം | ഈടാക്കിയത് | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|
| നിസാമോൾ ഷംസിൽ (മുളാട്ട്) നിന്നും കെ എച്ച് സിദ്ദിഖിന് മാറ്റി നൽകി | കെ എം ജി എം 13 | സെക്യൂരിറ്റി ഡെപ്പോസിറ്റ് 50% വർദ്ധന (നിലവിൽ 180000) | 90000 | 270000 |
| കെ.ബി.കുഞ്ഞ് മുഹമ്മദിൽ (കല്ലിടുമ്പിൽ)നിന്നും റ്റി.കെ.മുഹമ്മദിന് (തട്ടുപറമ്പിൽ) മാറ്റി നൽകി | കെ എം ജി എം 2 | സെക്യൂരിറ്റി ഡെപ്പോസിറ്റ് 100% വർദ്ധന (നിലവിൽ 200000) | 200000 | 400000 |
| പി സജിയിൽ (ആനിക്കാട്ട്)നിന്നും സാജു ജോസഫിന് മാറ്റി നൽകി | സത്രം കോംപ്ലക്സ് 58 | സെക്യൂരിറ്റി ഡെപ്പോസിറ്റ് 100% വർദ്ധന (നിലവിൽ 75000) | 75000 | 150000 |

ആയതിനാൽ, ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ നിലവിലെ കുത്തകക്കാരനിൽ നിന്നും അനന്തരാവകാശികൾക്കോ, പങ്കാളികൾക്കോ മാറ്റി നൽകുമ്പോൾ വാടകയിലും സെക്യൂരിറ്റി ഡെപ്പോസിറ്റിലും കാലാനുസൃതമായ വർദ്ധനവ് വരുത്തേണ്ടതും, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പൂർണ്ണമായും പുതിയ വാടകക്കാരനിൽ നിന്നും ഈടാക്കേണ്ടതുമാണ്. നിശ്ചിത കാലാവധിക്കു മേൽ തുടരുന്ന രജിസ്റ്റർ ചെയ്ത പങ്കാളിത്ത കരാർ ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

എല്ലാ കെട്ടിടങ്ങളിലെയും മുറികളുടെ വാടകയും ഡെപ്പോസിറ്റും നിശ്ചിത കാലയളവുകളിൽ (പ്രതിവർഷമോ, രണ്ട് വർഷത്തിലൊരിക്കലോ) കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എഞ്ചിനിയറിംഗ്/റവന്യൂ വിഭാഗങ്ങളുടെ ശുപാർശപ്രകാരം വർദ്ധിപ്പിക്കേണ്ടതാണ്. ഇപ്രകാരമുള്ള വർദ്ധനയ്ക്ക് നഗരസഭയുടെ വായ്പാ ബാധ്യതയും പുതിയ കെട്ടിടങ്ങൾ പണിയുന്നതിനോ, കാലപ്പഴക്കം മൂലം ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനോ ഉള്ള ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുക്കേണ്ടതാണ്.

## 2-11 ടൗൺ ഹാളിന്റെ വാടക പിരിവിലെ അപാകതകൾ

2016-17 വർഷം ടൗൺ ഹാളിന്റെ വാടക പിരിവ് ഇനത്തിൽ ആകെ 1269750/- രൂപ വരവുണ്ട്. വാടക പിരിവുമായി ബന്ധപ്പെട്ട ഫയലുകൾ രജിസ്റ്ററുകൾ, ഓഡിറ്റോറിയം വാടകയ്ക്ക് ലഭിക്കുന്നതിനുള്ള അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടൗൺ ഹാൾ വാടകയ്ക്ക് ലഭിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷ പ്രകാരം ഹാൾ അനുവദിച്ചത് സംബന്ധിച്ച് അനുവദിക്കേണ്ട ഉദ്യോഗസ്ഥന്റെ രേഖപ്പെടുത്തൽ ഇല്ല. തുക ലഭിച്ചത് സംബന്ധിച്ച് രേഖപ്പെടുത്തൽ മാത്രമാണ് ഉള്ളത്.

2. അപേക്ഷകളിൽ ഹാൾ എടുക്കുന്നതിനുള്ള ആവശ്യം രേഖപ്പെടുത്തിയ രേഖകൾ അടക്കം ചെയ്തിട്ടില്ല. രാഷ്ട്രീയ പാർട്ടികളാണെങ്കിൽ അവയുടെ ലെറ്റർ ഹെഡിലുള്ള അപേക്ഷ ഇല്ല.

3. രജിസ്റ്റർ പരിശോധിച്ചതിൽ ഡി.സി.ബി. എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ രജിസ്റ്റർ പ്രകാരം ടൗൺ ഹാൾ വാടക ഇനത്തിൽ ഉള്ള ആകെ വരവ്, പിരിച്ചത്, കുടിശിക വേർതിരിക്കുവാൻ സാധിക്കുന്നില്ല. സാമ്പത്തിക വർഷം കണക്കാക്കിയല്ല വാടക പിരിക്കുന്നത്. രജിസ്റ്റർ പ്രകാരം സാമ്പത്തിക വർഷത്തിൽ ടൗൺ ഹാൾ ഉപയോഗിച്ച തീയതി കണക്കാക്കിയാണ് വാടക പിരിക്കുന്നത്. ആയത് പരിശോധിക്കേണ്ടതും,ബുക്കിംഗ് അനുസരിച്ച് അഡ്വാൻസായി രേഖപ്പെടുത്തി ക്രമപ്പെടുത്തേണ്ടതുമാണ്.

4. 29-06-2016 തീയതിയിലെ 4ാം തീരുമാനപ്രകാരം 29-06-2016 മുതൽ ടൗൺഹാളിന്റെ വാടക പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരം 29-06-2017 മുതലുള്ള ബുക്കിംഗുകൾക്ക് കൂടി പുതിയ നിരക്ക് ബാധകമായിരിക്കും എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ 29-06-2016 ന് മുമ്പ് ബുക്ക് ചെയ്യുകയും 29-06-2016 ന് ശേഷം ഉപയോഗിക്കുകയും ചെയ്തവയ്ക്ക് 29-06-2016 ന് മുമ്പുള്ള നിരക്ക് വാങ്ങിയത് പരിശോധിച്ച് പുതിയ നിരക്ക് പ്രകാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/23-10-2017) മറുപടി ലഭ്യമാക്കിയതിൽ മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ടൗൺഹാളിന്റെ വാടക പിരിക്കുന്ന കാര്യത്തിൽ നഗരസഭ ജാഗ്രത പുലർത്തേണ്ടതും, മേൽ അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 2-12 കമ്മ്യൂണിറ്റി ഹാൾ വാടക പിരിവ് - അപാകതകൾ

2016-17 വർഷത്തെ കമ്മ്യൂണിറ്റി ഹാളുകൾ വാടകയ്ക്ക് നൽകിയത് സംബന്ധിച്ച രജിസ്റ്ററുകൾ/ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. രജിസ്റ്ററുകളിൽ തുക അടച്ചത് സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. വാടകയുടെ ആകെ തുക, രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2. കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിൽ ഹാൾ അനുവദിക്കേണ്ട ഉദ്യോഗസ്ഥൻ ഹാൾ അനുവദിച്ചത് സംബന്ധിച്ച രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

3. 19-07-2016 തീയതിയിലെ 10ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള 8 കമ്മ്യൂണിറ്റി ഹാളുകളുടെ വാടക നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരമാണ് വാടക പിരിക്കുന്നത്. എന്നാൽ 20-08-2016തീയതിയിലെ ശ്രീമതി സെലിൻ ജോർജ്ജ് ,കൗൺസിലർ വാർഡ് XV ന്റെ അപേക്ഷ പ്രകാരം XVII ാം വാർഡിൽ പണ്ടരിമലയിലെ കമ്മ്യൂണിറ്റി ഹാൾ വിട്ടുകൊടുക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. കൂടാതെ XXVIII ാം വാർഡ് കൗൺസിലർ ശ്രീമതി ഷാലിന ബഷീറിന്റെ അപേക്ഷ പ്രകാരം 24-10-2016 തീയതിയിലേക്ക് കമ്മ്യൂണിറ്റിഹാൾ സൗജന്യമായി വിട്ടുനൽകുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ഇല്ല. 19-07-2016 തീയതിയിലെ കൗൺസിൽ തീരുമാന പ്രകാരം ഹാളുകൾ സൗജന്യമായി നൽകുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല. കമ്മ്യൂണിറ്റി ഹാൾ സൗജന്യമായിട്ട് അനുവദിക്കുമ്പോൾ കൗൺസിൽ തീരുമാനപ്രകാരമോ ചെയർപേഴ്സന്റെ അനുമതിയോടെയോ അനുവദിച്ച ശേഷം തുടർന്ന് വരുന്ന കൗൺസിലിൽ അംഗീകാരം വാങ്ങേണ്ടതുമാണ്.

4. 04-10-2017 തീയതി (പേജ്.5) ഹാൾ ബുക്കു ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക അടച്ചിട്ടില്ല. മറുപടിയിൽ ഫോൺ മുഖാന്തിരം പറഞ്ഞ് ബുക്ക് ചെയ്തതിനാലാണ് ഇപ്രകാരം സംഭവിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം വാടക പിരിക്കുന്നതിൽ ജാഗ്രതക്കുറവുണ്ട്.

5. രജിസ്റ്റർ പരിപാലിക്കുന്നത് അശ്രദ്ധമായിട്ടാണ്. സാമ്പത്തിക വർഷത്തെ ആധാരമാക്കിയല്ല രജിസ്റ്റർ പരിപാലിക്കുന്നത്.

6. രജിസ്റ്റർ പേജ്. 2 ൽ കുര്യൻമല കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകിയതിൽ നജീബ്, ഉറവക്കുഴി, കടാതി എന്നയാൾ കുടിശ്ശിക അടയ്ക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക രേഖപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുമ്പോഴുള്ള അശ്രദ്ധയാണ് ഇത്തരത്തിൽ കുടിശ്ശിക വരാൻ കാരണം. ആയതിനാൽ കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ രേഖപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/23-10-2017 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാളുകൾക്ക് വേണ്ടി വിവധ പ്രോജക്റ്റുകൾക്കായി 2016-17 വർഷം തുക ചെലവഴിച്ചിട്ടുണ്ട്. നഗരസഭയ്ക്ക് ലഭിക്കേണ്ട വാടക വരവ് കാര്യക്ഷമമായ രീതിയിൽ പിരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-13 നഗരസഭ വക സ്റ്റേഡിയം വാടക പിരിവ് കാര്യക്ഷമമല്ല നഷ്ടം -81600/-

1. 2016-17 വർഷം സ്റ്റേഡിയം വാടകയിനത്തിൽ 283000/- രൂപ വരവുണ്ട്. സ്റ്റേഡിയം വാടകയ്ക്ക് നൽകുന്നതിന് ലഭിക്കുന്ന വാടക/അനുബന്ധ ഫീസ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിലെ വരവ് സംബന്ധിച്ച കൃത്യത പരിശോധിക്കുവാൻ കഴിയുന്നില്ല. സ്റ്റേഡിയത്തിന്റെയും അനുബന്ധസൗകര്യങ്ങളുടെയും ബുക്കിംഗ്, വാടക/ഡെപ്പോസിറ്റ് അടവ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. 13-04-16ലെ നം. ആർ3-7919/16 പ്രകാരം നഗരസഭ സ്റ്റേഡിയത്തിൽ 16-4-16 മുതൽ 05-5-16 വരെ ഫുട്ബോൾ ലീഗ് മത്സരം നടത്തുന്നതിന് സെക്രട്ടറി, മുവാറ്റുപുഴ ഫുട്ബോൾ ക്ലബിന് അനുവദിച്ചിട്ടുണ്ട്. മത്സരം നടത്തുന്ന ദിവസം വാടക+സർവ്വീസ് ടാക്സ് ഇനത്തിൽ 5725/- രൂപയും, വിനോദ നികുതി അഡ്വാൻസ് 1 ലക്ഷം രൂപയും നഗരസഭ ഫണ്ടിൽ അടച്ച് 200/- രൂപ മുദ്രപേപ്പറിൽ നഗരസഭ സെക്രട്ടറിയുമായി എഗ്രിമെന്റ് വച്ച് ടിക്കറ്റ് സീൽ ചെയ്യാവുന്നതാണെന്ന് ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ പരിപാടിക്ക് സ്റ്റേഡിയം അനുവദിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു.

എ. 13-4-16 തീയതിയിലെ നം. ആർ3-7919/16 ഉത്തരവിൽ പറയുന്ന പ്രകാരം കരാർ വച്ചിട്ടില്ല. സ്റ്റാമ്പ് പേപ്പറുകൾ മാത്രമാണ് ഫയലിനോടൊപ്പം ഉള്ളത് .

ബി. 23-4-16 തീയതിയിലെ നം. ആർ3-7919/16 ഉത്തരവ് പ്രകാരം സ്റ്റേഡിയം ഉപയോഗിച്ചതിനുള്ള വാടകയും, ഡെപ്പോസിറ്റും അടയ്ക്കാത്തതിന് നോട്ടീസ് ശ്രീ. ഹനീഫ രണ്ടാർ, സെക്രട്ടറി, മുവാറ്റുപുഴ ഫുട്ബോൾ ക്ളബ്ബിന് നൽകിയിട്ടുണ്ട്.

സി. 30-4-16ൽ മുവാറ്റുപുഴ ഫുട്ബോൾ ക്ളബ് സെക്രട്ടറി നഗരസഭയ്ക്ക് സമർപ്പിച്ച കത്തിൽ നിലവിൽ വാടക ഇനത്തിൽ 15000/- രൂപയും ടിക്കറ്റ് സീൽ ചെയ്ത 43000/- രൂപ വിനോദനികുതിയും നഗരസഭയിൽ അടച്ചതായും ഫുട്ബോൾ ടൂർണ്ണമെന്റ് നഷ്ടമായിരുന്നതിനാൽ സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കി തരണമെന്നും അപേക്ഷിച്ചിട്ടുണ്ട്. 06-05-2016 തീയതിയിലെ കൗൺസിൽ അജണ്ട സ്ലിപ് പ്രകാരം 91600/- രൂപ ആകെ വാടക അടയ്ക്കേണ്ടതിന് 10000/- രൂപ മാത്രമാണ് അടച്ചിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഫുട്ബോൾ ക്ളബിന് സ്റ്റേഡിയം അനുവദിച്ചത് വഴി ആകെ 10000/- രൂപയും(വാടക) ടിക്കറ്റ് സീൽ ചെയ്ത ഇനത്തിൽ 43000/- രൂപയുമാണ് നഗരസഭയിൽ ലഭിച്ചിട്ടുള്ളത്.

29-04-2016 തീയതിയിലെ നോട്ട് ഫയൽ പരിശോധിച്ചതിൽ ഫുട്ബോൾ ക്ളബ് നാളിതുവരെ 10000/- രൂപ മാത്രമാണ് അടച്ചിട്ടുള്ളത് എന്നും പരിപാടി നിർത്തിവയ്ക്കുന്നതിന് അടിയന്തിരമായി സ്റ്റോപ് മെമ്മോ നൽകുന്നതായും റെവന്യൂ ഓഫീസർ II രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ വിഷയം ചെയർപേഴ്സന്റെ അറിവിലേക്ക് സമർപ്പിച്ചെങ്കിലും നോട്ടീസ് നൽകേണ്ടതില്ല എന്നും തത്ക്കാലം കൗൺസിലിന്റെ ശ്രദ്ധയിൽ പെടുത്തുവാനും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 28-5-16 ലെ കൗൺസിലിൽ മേൽ വിഷയം 13-ാം അജണ്ടയായി വച്ചെങ്കിലും തീരുമാനം എടുക്കാതെ മാറ്റി വച്ചു.

ടിക്കറ്റ് വച്ച് നടത്തിയ പരിപാടിക്ക് ഈടാക്കേണ്ട വാടകയും വിനോദനികുതിയും നാളിതുവരെയായി പൂർണ്ണമായി ഈടാക്കാതിരുന്നതും ഡെപ്പോസിറ്റ് തുക യഥാസമയം വാങ്ങാതിരുന്നതും അപാകതയാണ്. ഉത്തരവിൽ പറയുന്ന പ്രകാരം കരാറും ചമച്ചിട്ടില്ല. തുക വസൂലാക്കുന്നതിന് റിക്കവറി നടപടികൾ സ്വീകരിക്കേണ്ടി വരുമ്പോൾ രേഖകൾ ശരിയായി പരിപാലിക്കാത്തത് നടപടിക്രമങ്ങളുടെ വീഴ്ചയാണ്. 30-04-2016 തീയതി സംഘാടക സമിതി സമർപ്പിച്ച അപേക്ഷ പ്രകാരം പരിപാടി നഷ്ടമാണെന്ന് അറിയിച്ചിട്ടുള്ളതും വാടക അടക്കുന്നതിനുള്ള ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി തരണം എന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സംഘാടക സമിതി സമർപ്പിച്ച അപേക്ഷയോടൊപ്പം നഗരസഭയിൽ നിന്നും സീൽ ചെയ്തു നൽകിയ ടിക്കറ്റുകളിൽ ഉപയോഗിക്കാത്തത് തിരികെ ഏൽപ്പിച്ചത് സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/27-10-2017 ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയിൽ നിന്നും സീൽ ചെയ്തു നൽകിയ ടിക്കറ്റുകളിൽ ഉപയോഗിക്കാത്തത് തിരികെ ഏൽപ്പിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഫുട്ബോൾ ലീഗ് പരിപാടി നഷ്ടമാണെന്ന് സംഘാടക സമിതി അറിയിക്കുകയും എന്നാൽ പ്രസ്തുത പരിപാടിക്ക് നഗരസഭ സീൽ ചെയ്ത് നൽകിയ ടിക്കറ്റുകൾ ഉപയോഗിച്ചിട്ടുണ്ട് എന്ന് ഇതിൽ നിന്നും മനസ്സിലാക്കുന്നു. വാടക ഇനത്തിൽ 81600/- രൂപ ലഭിക്കാനുണ്ട്. നഗരസഭയുടെ പ്രധാന വരുമാനങ്ങളിൽ ഒന്നായ സ്റ്റേഡിയം വാടകയ്ക്ക് നൽകുന്നതിൽ സംഭവിച്ചതായ മേൽ അപാകതകൾ കാരണമായി 81600/-രൂപ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.

6. നഗരസഭയുടെ സ്റ്റേഡിയം പരിപാലനം/ വാടകയ്ക്ക് നൽകൽ എന്നിവയ്ക്കായി ബൈലോ ഉണ്ടാക്കിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 565ാം വകുപ്പ് ഉപവകുപ്പ് 2(ബി) പ്രകാരം വസ്തു കയ്യൊഴിക്കുന്നതിന് ബൈലാ ഉണ്ടാക്കുന്നത് സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. സ്റ്റേഡിയത്തിന്റെ പരിപാലനത്തിനായി ബൈലോ ഉണ്ടാക്കാത്തത് വാടക പിരിക്കുന്നത് സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ വരുമ്പോൾ നഗരസഭ പരാജയപ്പെടുവാൻ ഇടയാക്കുമെന്നതിനാൽ ബൈലോ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഫുട്ബോൾ ലീഗ് നടത്തിയ സംഘാടക സമിതി 81600/-രൂപ നഗരസഭയ്ക്ക് നൽകാനുണ്ട്. സംഘാടക സമിതിയുമായി നഗരസഭ കരാറിൽ ഏർപ്പെടുന്നതിന് മുദ്രപേപ്പർ ഫയലിൽ ഉണ്ടെങ്കിലും ഒരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തുക വസൂലാക്കുന്നതിന് തടസ്സമാകുന്നു. ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയും തൃപ്തികരമല്ല. നഗരസഭയുടെ പ്രധാന ആസ്തിയായ സ്റ്റേഡിയം വാടകക്ക് നൽകുന്നതിൽ വന്ന മേൽ അപാകതകൾ ഓഡിറ്റ് ഗൌരവമായി കാണുന്നു. നഗരസഭയുടെ ആസ്തി കയ്യൊഴിയ്ക്കുന്നതിൽ വന്ന മേൽ അപാകതകൾ പരിഹരിക്കുന്നതിന് നിലവിലുള്ള ഭരണസമതിയും സെക്രട്ടറിയും റവന്യൂ വിഭാഗവും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഫുട്ബോൾ നടത്തിപ്പുകാരിൽ നിന്ന് നഗരസഭയ്ക്ക് ലഭിക്കേണ്ടതായ 81600/-രൂപ ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ് .

## 2-14 റോഡ് കട്ടിംഗ് ചാർജ്ജ് - ഡിമാന്റ് ചെയ്ത ഫീസ്, വാടക എന്നിവ നിയമാനുസൃതം ഈടാക്കുന്നില്ല

കേരളത്തിലെ വിവിധ റോഡുകളിൽ അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കാൻ റോഡ് മുറിക്കാനും, പൂർവ്വസ്ഥിതിയിലാക്കാനുമായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപനത്തിന് റൈറ്റ് ഓഫ് വേ പെർമിറ്റ് നല്കുവാൻ 14.06.2013 ലെ GO(MS) 16/2010/ITD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിബന്ധനകളോടെ അനുമതി നല്കിയിരുന്നു. ഇതിന്റെ ഭാഗമായി മൂവാറ്റുപുഴ നഗരസഭാ പരിധിയിലുള്ള വിവിധ റോഡുകളിൽ ടെലിക്കമ്മ്യൂണിക്കേഷൻ കേബിളുകൾ സ്ഥാപിക്കുന്നതിനായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപനം നഗരസഭയിൽ അപേക്ഷ സമർപ്പിക്കുകയും നഗരസഭ നിശ്ചിതഫീസ് ഈടാക്കി കേബിളുകൾ സ്ഥാപിക്കുന്നതിന് അനുമതി നല്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | ഫയൽ നം. | റോഡിന്റെ പേര് | കൗൺസിൽ തീരുമാനം നം/തീയതി | ഈടാക്കാൻ തീരുമാനിച്ച വാടകയും,ഫീസും | ഈടാക്കിയ വാടകയും, ഫീസും |
|---|---|---|---|---|---|
| 1 | PW-1/ 10146/16 | സ്റ്റേഡിയം റോഡ് 400m2 1km | 15(5)/ 14.6.16 | 400 $m^2$x966/$m^2$ =3,86,000 Add 100 % =3,86,000 Rent- 22000 x 1 x5 =1,10,000 (22000/km/yr for 5 years) Total =882000 | 882000/- ചെക്ക് നം. 725591/ 23.6.16 |
| 2 | PW-3/ 9683/15 | 21-ാം വാർഡിലെ കുമാരാനാശാൻ റോഡ് 100 m2 200m | 15(4)/ 14.6.16 | 100$m^2$x1521/$m^2$ =152100 Add 75 % =114075 Rent- 22000 x 1 x1 =22000 (22000/km/yr) Total = 288175 | ഈടാക്കി യിട്ടില്ല |
| 3 | PW-1/ 166/16 | കൊച്ചി-ധനുഷ്കോടി റോഡിൽ 3.5km 974.8 m2 | 15(3)/ 14.6.16 | 974.8 $m^2$ x1521/$m^2$ =1482671 Add 75 % =1112003 Rent- 22000 x 3.5 x5 =385000 (22000/km/ year for 5years) Total = 2979674 | 2979662/- ചെക്ക് നം. 725589/ 23.6.16 |
| 4 | PW-1/ 166/16 | വിവിധ റോഡുകൾ | 33/ 04.02.17 | 220$m^2$x1521/$m^2$ = 334620 Add 100% =334620 Total =669240 | ഈടാക്കി യിട്ടില്ല |

മേൽപ്പറഞ്ഞ പ്രകാരം കേബിളുകളിടാൻ റോഡ് മുറിയ്ക്കുന്നതിന് നഗരസഭാ പെർമിറ്റ് നല്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു:

1) റോഡ് കുഴിച്ച് കേബിളുകൾ സ്ഥാപിക്കുന്നതിനായും, താല്ക്കാലികമായി റോഡ് കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിനായും വാടകയിനത്തിൽ കിലോമീറ്ററിന് പ്രതിവർഷം 22000/- രൂപ നിരക്ക് നിശ്ചയിച്ച് തീരുമാനിച്ചിരുന്നു. എന്നാൽ ക്രമനമ്പർ.4-ൽ വാടക ഡിമാന്റ് ചെയ്തതായി കാണുന്നില്ല.

2)ക്രമ നം.1, 4 എന്നിവയിൽ എസ്റ്റിമേറ്റ് തുകയുടെ 100% അധികം ഈടാക്കാൻ തീരുമാനിച്ച് ഡിമാന്റ് ചെയ്തപ്പോൾ, ക്രമ നം. 2,3 എന്നിവയിൽ 75% അധികമേ ഈടാക്കാൻ ഡിമാന്റ് ചെയ്തിട്ടുള്ളൂ.

3) ക്രമനമ്പർ. 2,4 എന്നിവയിൽ യഥാക്രമം 2,88,175/- രൂപയും, 6,69,240/- രൂപയും ഡിമാന്റ്

ചെയ്തിട്ട് ടി തുകകൾ നാളിതുവരെ അടച്ചതായും കാണുന്നില്ല.

4) 2008-09ബജറ്റ് പ്രഖ്യാപനത്തിലാണ് കേബിളുകൾ ഇടുന്നതിന് വേണ്ടി ഫീസ് ഈടാക്കുന്നതിനും, വാടക ഈടാക്കുന്നതിനും നിർദ്ദേശിക്കപ്പെട്ടതും തുടർന്ന്, 30.04.2010 ലെ GO(MS) 16/2010/ITD ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ടി തുക ഈടാക്കാൻ ബാദ്ധ്യസ്ഥരായതും. ആയതിനാൽ അന്നു മുതൽ കേബിളുകൾ സ്ഥാപിക്കുന്നതിനായി എത്ര സ്ഥാപനങ്ങൾ അപേക്ഷ നല്കിയിട്ടുണ്ട്, അതിൽ എത്ര സ്ഥാപനങ്ങൾ മേൽപ്പറഞ്ഞ നിരക്കിൽ ഫീസും, വാടകയും അടച്ചിട്ടുണ്ട് എന്നുള്ള വിശദാംശങ്ങൾ നഗരസഭയിൽ ലഭ്യമല്ല.

5) 5 വർഷക്കാലത്തേക്കാണ് വാടക ഈടാക്കുന്നത് എന്നാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്. അപ്രകാരമാണെങ്കിൽ മുൻവർഷങ്ങളിൽ കേബിളിടാൻ അനുമതി ലഭിച്ച സ്ഥാപനങ്ങളിൽ അഞ്ചുവർഷക്കാലാവധി കഴിഞ്ഞ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും, അവരിൽ നിന്ന് വാടക പുതുക്കി വാങ്ങിയിട്ടുണ്ടോ എന്നുള്ളത് സംബന്ധിച്ച് വിവരവും ലഭ്യമല്ല.

6) 14.06.2013 ലെ GO(MS) 16/2010/ITD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭയും, റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡുമായി ഒപ്പുവെച്ച ഉടമ്പടി പ്രകാരം 10MBPS ബാന്റ് വിഡ്ത്ത് ഡാറ്റാ, റൈറ്റ് ഓഫ് വേ അനുമതി നല്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിലുള്ള താലൂക്ക്/ ബ്ലോക്ക് തല സ്ഥാപനങ്ങൾക്ക് നല്കണമെന്ന വ്യവസ്ഥയും, പ്രദേശത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് ഇന്റർനെറ്റ്/ കമ്മ്യൂണിക്കേഷൻ കണക്ടിവിറ്റി നല്കണമെന്നും, പ്രദേശത്ത് ഒരു മോഡൽ ഇൻഫർമേഷൻ കിയോസ്ക് സ്ഥാപിക്കണമെന്നും ഉള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

7) മേൽ കരാറിന്റെ അടിസ്ഥാനത്തിൽ അനുമതി നല്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനത്തിന് അവരുടെ പരിധിയിലുള്ള റോഡ് കുഴിച്ച് കേബിൾ സ്ഥാപിച്ച് ഉപയോഗിക്കുന്നതിന് വാടക ഈടാക്കാമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ ഇവിടെ വാടകയിനത്തിൽ പിരിക്കേണ്ട തുകയുടെ കാര്യത്തിൽ ഒരു ഏകമാനകസ്വഭാവം കാണുന്നില്ല. ആയതിനാലാണ് ക്രമ നം. 1ലും, 2ലും പ്രതിപാദിച്ച തരത്തിൽ രണ്ട് നിരക്കിൽ വാടക ഈടാക്കാനുള്ള തീരുമാനം നഗരസഭ എടുത്തത്.

8) ക്രമനമ്പർ 3-ൽ പറഞ്ഞിരിക്കുന്ന പ്രകാരം നഗരസഭ ചുമത്തിയ ഫീസും, വാടകയും ഉൾപ്പെടെയുള്ള ഭീമമായ തുക പിരിച്ചെടുക്കാനുള്ള നടപടികളും സ്വീകരിച്ചു കാണുന്നില്ല.

മേൽപ്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ മറുപടിയും നഗരസഭ ലഭ്യമാക്കിയില്ല.

പൊതുവെ തനതു വരുമാനം കുറഞ്ഞ മൂവാറ്റുപുഴ നഗരസഭ നിയമാനുസൃതം ഈടാക്കാവുന്ന ഫീസും, വാടകയും പോലും കൃത്യമായി കണക്കാക്കി ഈടാക്കുന്നതിനോ, ലൈസൻസ് നല്കിയ സ്ഥാപനം പാലിക്കേണ്ട കരാർ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുന്നതിൽ അലംഭാവം കാണിക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. നഷ്ടമായ തുക കണക്കാക്കി ഈടാക്കുന്നതിനും, എല്ലാ കേസുകളിലും വാടക കൃത്യമായും, തുടർന്നുള്ള വർഷങ്ങളിലും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-15 നഗരസഭ വക പേ വാർഡ് - വരവുചെലവുകൾ നഗരസഭയുടെ കണക്കുകളിൽ ഇല്ല.

മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലുള്ള പേ വാർഡ് , മൂവാറ്റുപുഴ നഗരസഭ നിർമ്മിച്ചതും 44 മുറികളോടു കൂടിയതും 06/2005 മുതൽ പ്രവർത്തനം തുടങ്ങിയതുമാണ്. നഗരസഭയുടെ വകയായുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിലത്തെ നിലയിലാണ് പേ വാർഡ് പ്രവർത്തിക്കുന്നത്. പേ വാർഡിന്റെ എല്ലാ ചുമതലകളും മേൽ നോട്ടവും ഏറ്റെടുത്ത് നടത്തുന്നതിന് മുനിസിപ്പൽ ചെയർമാൻ ,വൈസ് ചെയർമാൻ,ഹെൽത്ത് കമ്മിറ്റി ചെയർമാൻ 3 കൗൺസിലർമാർ, മുനിസിപ്പൽ സെക്രട്ടറി, താലൂക്ക് ആശുപത്രി സൂപ്രണ്ട് എന്നിവരടങ്ങുന്ന 9 അംഗ പേ വാർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മൂവാറ്റുപുഴ ജനറൽ ആശുപത്രിയുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് ഈ പേ വാർഡുകളിൻ മേൽ നിയന്ത്രണം ഇല്ല. പേ വാർഡ് കണക്കുകൾ എച്ച്.എം.സി

കണക്കുകളിൽ ഉൾപ്പെടുന്നമില്ല. ഇത് സംബന്ധിച്ച രേഖകൾ (ഫയൽ നം. പി.എച്ച് 1- 7250/2004) പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.മൂവാറ്റുപുഴ നഗരസഭയുടെ പേ വാർഡിന്റെ ആവശ്യത്തിലേക്ക് എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ മൂവാറ്റുപുഴ ശാഖയിൽ മൂവാറ്റുപുഴ നഗരസഭ ചെയർമാൻ, സെക്രട്ടറി എന്നിവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് (നം. 013281000000002) ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ വരവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല. മൂവാറ്റുപുഴ ജനറൽ ആശുപത്രിയുടെ എച്ച്.എം.സി.യുടെ കണക്കുകളിൽ പേ വാർഡിന്റെ കണക്ക് ഉൾപ്പെടാത്തതിനാൽ ആയത് നഗരസഭയുടെ അക്കൗണ്ട് തന്നെയാണെന്നിരിക്കെ കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു.

2. 31-01-2017 തീയതിയിലെ നം. PH1-7250/2004 പ്രകാരമുള്ള നഗരസഭ സെക്രട്ടറി നഗരകാര്യ ഡയറക്ടർക്ക് അയച്ച കത്തിൽ മൂവാറ്റുപുഴ നഗരസഭയുടെ അധീനതയിൽ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ 44 മുറികളുള്ള പേ വാർഡ് ഉണ്ടെന്നും പേ വാർഡ് കമ്മിറ്റിയുടെ തീരുമാന പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറടക്കം 10 തൊഴിലാളികളെ കരാർ/കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റാഫ് നഴ്സമാർ ഉൾപ്പെടെയുള്ളവർ ഈ പേ വാർഡിൽ ജോലി നോക്കുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നഴ്സമാരുൾപ്പെടെ 10 പേരെ എപ്രകാരം നിയമിച്ചു, ജനറൽ ആശുപത്രിയുടെ നഴ്സമാർക്ക് പുറമേ നഴ്സമാരേ നിയമിക്കുവാനുള്ള സാഹചര്യം എന്നിവ വ്യക്തമല്ല. ഇപ്രകാരം നിയമിക്കപ്പെട്ട നഴ്സമാരെ ആശുപത്രിയുടെ ചികിത്സയിലുള്ള രോഗികൾക്ക് നഴ്സിംഗ് കെയർ നൽകുന്നതിന് ഡോക്ടർമാർ ചുമതലപ്പെടുത്തുന്നുണ്ടോ എന്ന കാര്യവും വ്യക്തമല്ല.

ഫയലുകൾ പരിശോധിച്ചതിൽ പേ വാർഡിൽ നിന്നും ലഭിക്കുന്ന വരുമാനം (വാടക - 44 വാർഡുകൾ) മുനിസിപ്പൽ കണക്കുകളിൽ വരവ് വച്ചിട്ടില്ല. ടി വരുമാനം മേൽ സൂചിത അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ജീവനക്കാർക്ക് ശമ്പളം നൽകുന്നത് അഡ്മിനിസ്ട്രേറ്ററാണ്.ഇതിൽ നിന്നും നഗരസഭയ്ക്കോ, ജനറൽ ആശുപത്രി സൂപ്രണ്ടിനോ യാതൊരു മേൽനോട്ടവും ജീവനക്കാരുടെ മേൽ ഇല്ല എന്ന് വ്യക്തമാണ്. പല അവസ്ഥകളിലുമുള്ള രോഗികളെ പരിചരിക്കുന്ന ആശുപത്രിയിൽ ഇത് സംബന്ധിച്ച ഉത്തരവാദിത്തം ആർക്കുമില്ലാത്തത് ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് വഴി വെയ്ക്കുമെന്നതിനാൽ മേൽ വിഷയം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതാണ്. ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിലല്ലാതെ സ്റ്റാഫ് നഴ്സമാരെ നിയമിച്ചത് അപാകതകയാണ്. പേ വാർഡ് നിർമ്മിച്ച് നൽകി ജനറൽ ആശുപത്രി എച്ച്.എം.സി.ക്ക് കൈമാറുന്നതിന് പകരം അവിടെ മാനദണ്ഡങ്ങൾ പാലിക്കാതെ സ്റ്റാഫ് നിയമനം നടത്തിയത് അപാകതയാണ്.

3. മുറികളുടെ വാടക നിശ്ചയിച്ചിരിക്കുന്നത് എത്രയെന്നോ കാലാകാലങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ എന്നീ വിവരങ്ങൾ ഇല്ല.

4. 28-07-2004 തീയതിയിലെ നഗരസഭാ കൗൺസിലിന്റെ 1ാം നമ്പർ തീരുമാനം പ്രകാരം മൂവാറ്റുപുഴ നഗരസഭ - ജനറൽ ആശുപത്രിക്ക് വേണ്ടി പേ വാർഡ് സംബന്ധിച്ച് ഫണ്ട് സ്വരൂപണം, നടത്തിപ്പ് എന്നിവയ്ക്കായി ഉപനിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഏത് നിയമം/ചട്ടം അനുസരിച്ചാണ് ഈ ഉപനിയമങ്ങൾ പാസ്സാക്കിയത് എന്നത് വ്യക്തമല്ല. ഇതിന് നഗരകാര്യ ഡയറക്ടറുടെ അംഗീകാരം വാങ്ങിയിട്ടില്ല. ഉപചട്ടങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു:-

എ.) ഐറ്റം നം 11- വർഷം തോറും വരവ് -ചെലവ് കണക്ക് ഓഡിറ്റിന് വിധേയമാക്കേണ്ടതും വിവരം കൗൺസിൽ മുമ്പാകെ വയ്ക്കേണ്ടതുമാണ്. ദൈനംദിന ചെലവ് കഴിച്ച് വരുന്ന തുക മൂന്ന് മാസം കൂടുമ്പോൾ മുനിസിപ്പൽ അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്. എന്നാൽ നാളിതുവരെ ഓഡിറ്റ് ചെയ്തതായി രേഖകൾ ഇല്ല.

ബി.) ഐറ്റം - 12(2) ദൈനംദിന പ്രവർത്തനങ്ങൾക്കായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പരമാവധി 500/- രൂപ വരെ കൈവശം വച്ച് വിനിയോഗിക്കാവുന്നതാണ്. രേഖകൾ പരിശോധിച്ചതിൽ 2016-17 വർഷം പേവാർഡ് വാടകയ്ക്ക് നൽകിയതിൽ ലഭിച്ച തുക എല്ലാം കൈവശം വച്ച് വിനിയോഗിക്കുകയാണ് ചെയ്തത്. ഇതിന് വേണ്ടിയുള്ള ബാങ്ക് അക്കൗണ്ടിൽ തുക അടച്ചിട്ടില്ല.

സി.) ഐറ്റം -12(4) അതാത് ദിവസത്തെ വരുമാനം ചെയർമാന്റെയും, സെക്രട്ടറിയുടെയും പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

ഡി.) ഐറ്റം -12(5) പേ വാർഡിന്റെ പ്രതിമാസ വരവ് -ചെലവ് കണക്കുകൾ കമ്മിറ്റി അംഗീകരിച്ച് കൗൺസിലിന്റെ അറിവിലേക്കായി അയ്ക്കുക. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

5. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 283ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് ലഭിക്കുന്ന വരുമാനം നഗരസഭാ ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ് മേൽ വകുപ്പ് പ്രകാരം നഗരസഭയ്ക്ക് ലഭിക്കുന്ന എല്ലാ പണവും ചേർത്ത് രൂപീകരിക്കുന്ന ഫണ്ടാണ് മുനിസിപ്പൽ ഫണ്ട്. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 7(1) പ്രാകാരം മുനിസിപ്പാലിറ്റിയുടെ പേരിൽ ലഭിക്കുന്ന ഏതൊരു പണവും മുനിസിപ്പൽ അക്കൗണ്ടിൽ വരവ് വന്നതിന് ശേഷം മാത്രമേ അത് ചെലവ് ചെയ്യുകയോ ബാങ്കിൽ അടക്കുകയോ ചെയ്യാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത് പാലിച്ചിട്ടില്ല. (28-07-2004 ലെ ഒന്നാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളിൽ തുക മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്)

6. 01-07-2017 തീയതിയിൽ ചീഫ് അക്കൗണ്ടന്റ് പരിശോധിച്ച് സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടിൽ, ജനറൽ ആശുപത്രി പേ വാർഡിന്റെ വരവ് - ചെലവ് കണക്കുകളുടെ ഗുരുതരമായ അപാകതകൾ ചൂണ്ടി കാണിച്ചിട്ടുണ്ട്. പേവാർഡിന്റെ തുക നിക്ഷേപിക്കുന്നതിനായുള്ള അക്കൗണ്ടിൽ 2016-17 വർഷം പേ വാർഡ് വരുമാനത്തിൽ നിന്നും യാതൊരു തുകയും അടച്ചിട്ടില്ല എന്നും , എന്നാൽ അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ റിപ്പോർട്ടിൻമേൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. നഗരസഭയുടെ ആസ്തി പരിപാലിക്കുന്നതിൽ ഇത്തരത്തിൽ നിരുത്തരവാദപരമായ പ്രവർത്തനം ആണ് നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത്.

7. പേ വാർഡ് സംബന്ധിച്ച ദൈനംദിന ചെലവുകൾക്ക് മുനിസിപ്പൽ ചെയർപേഴ്സണും സെക്രട്ടറിയും അനുമതി നൽകുന്നില്ല. 2016-17 വർഷം പേവാർഡ് സംബന്ധിച്ച കേസ് നടത്തിയതിലേക്ക് ചെക്ക് നം. 106023 തീ. 19-04-16 പ്രകാരം രൂ. 12000/- അഡ്വക്കേറ്റ് ശ്രീമതി പ്രീതി രാമകൃഷ്ണന് നൽകിയിട്ടുണ്ട്. പേവാർഡിൽ നഗരസഭ നിയമിച്ചിരിക്കുന്ന ജീവനക്കാർ സ്ഥിര നിയമനവും ശമ്പള വർദ്ധനവും ആവശ്യപ്പെട്ട് എറണാകുളം ലേബർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച കേസിൽ ഹാജരാകുന്നതിനാണ് ഇപ്രകാരം ഫീസ് നൽകിയിട്ടുള്ളത്.

2017 ഫെബ്രുവരിയിൽ പേവാർഡ് ജീവനകാർക്ക് ശമ്പളം നൽകുന്നതിന് രൂ. 56250/-നഗരസഭ അനുവദിച്ചിട്ടുണ്ട് (ഇങ്ങനെയാണെങ്കിലും 2005 മുതൽ വിവിധ തസ്തികകളിൽ ജോലിചെയ്യുന്ന പേവാർഡ് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി നഗരസഭ പിരിച്ചിട്ടുമില്ല). കൂടാതെ പേവാർഡിന്റെ ചെലവുകൾക്ക് നഗരസഭ പണം അനുവദിക്കുന്ന പ്രവണത ഇപ്പോഴും തുടരുന്നുണ്ട്. 02.09.2017ൽ പേവാർഡ് ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി രൂ. 70000/- നഗരസഭ അനുവദിച്ചിട്ടുണ്ട്.

8. മുനിസിപ്പൽ പേ വാർഡ് സംബന്ധിച്ച് ഉപചട്ടങ്ങൾ പ്രകാരമുള്ള മേൽനോട്ട കമ്മറ്റിയിൽ അംഗമായ ആളാണ് (9 അംഗങ്ങളിൽ ഒരാൾ) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ. ടി ചുമതല വഹിച്ചിരുന്നത് പ്രമോദ് മോഹൻ എന്ന ദിവസവേതനത്തിൽ നിയമിച്ചിരുന്ന ആളാണ്. ടി കമ്മറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ട ആളെ എങ്ങനെ കമ്മറ്റിയുടെ ഭാഗമാക്കി എന്ന് വ്യക്തമല്ല. മുനിസിപ്പൽ പേ വാർഡിന്റെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കാത്തത് സംബന്ധിച്ചും, ബന്ധപ്പെട്ട രജിസ്റ്ററുകളും വരവ് ചെലവ് വിവരങ്ങളും അനുബന്ധ രേഖകളും നഗരസഭയിൽ പരിശോധനക്ക് നൽകണമെന്ന് ആവശ്യപ്പെട്ടും ശ്രീ പ്രമോദിന് 6/5/17ൽ നഗരസഭ സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ട്. രജിസ്റ്ററുകളും രേഖകളും ലഭ്യമാക്കിയതായ ശ്രീ പ്രമോദിന്റെ കത്ത് ഫയലിൽ ലഭ്യമാണ്. എന്നാൽ 10/5/17 ലെ നഗരസഭാ സെക്രട്ടറിയുടെ നടപടി ക്രമങ്ങളിൽ ശ്രീ പ്രമോദ് ഏതാനും ദിവസമായി ജോലിയിൽ നിന്ന് വിട്ടുനിൽക്കുന്നതായും അതിനാൽ പകരമായി നഗരസഭാ സാനിട്ടേഷൻ വർക്കറായ ശ്രീ എ.പി. ഭാസ്കരനെ നിയോഗിക്കുകയും മേൽ നോട്ടത്തിനായി ജെ.എച്ച്.ഐ, ശ്രീ. മനോജിനെ ചുമതലപ്പെടുത്തുകയും ചെയ്തു. 2005 ൽ പ്രവർത്തനമാരംഭിച്ച പേ വാർഡിന് നഗരസഭയുടെ നേരിട്ടുള്ള നിയന്ത്രണവും മേൽനോട്ടവും ആരംഭിച്ചത് 6/5/17ന് ശേഷം മാത്രമാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

മുനിസിപ്പൽ പേ വാർഡ് സംബന്ധിച്ച് വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 13/03-11-2017 ന് മറുപടി ലഭ്യമാക്കിയില്ല. 2016-17 വർഷം പേ വാർഡ് വാടകയ്ക്ക് കൊടുത്ത വകയിൽ ലഭിച്ച യാതൊരു തുകയും ബാങ്കിൽ നിക്ഷേപിച്ചിട്ടില്ല. ഓരോ ദിവസത്തേയും കളക്ഷൻ നഗരസഭ ചെയർ പേഴ്സൺ,സെക്രട്ടറി എന്നിവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ അടയ്ക്കാതെ കൈവശം വെച്ചിരിക്കുന്നത് 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ടസ് ചട്ടങ്ങളിലെ ചട്ടം-21ന്റെ ലംഘനമാണ്. 2016-17 വർഷം പേ വാർഡിന്റെ വാടക ഇനത്തിൽ

എന്തെങ്കിലും തുക ബാങ്കിൽ അടച്ചിട്ടുണ്ടോ എന്നോ വ്യക്തമാക്കാത്ത സാഹചര്യത്തിൽ പണത്തിന്റെ ദുരുപയോഗം നടന്നിരിക്കാൻ സാദ്ധ്യതയുള്ളതിനാൽ നഗരസഭയുടെ നിയന്ത്രണത്തിലുള്ള ജനറൽ ആശുപത്രി പേ വാർഡിന്റെ പ്രവർത്തനം സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 2-16 ഇ-ടെൻഡർ ഫോറവില നഗരസഭയുടെ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യണം

2014-15,2015-16,2016-17 വർഷങ്ങളിൽ മൂവാറ്റുപുഴ നഗരസഭയിൽ ഇ-ടെൻഡർ വഴി നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ടെൻഡർ ഫീസ് താഴെപ്പറയും പ്രകാരം ഈടാക്കി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്.

| വർഷം | ഇ-ടെൻഡർ വഴിയുള്ള പ്രവൃത്തികളുടെ എണ്ണം | ടെൻഡർ ഫീസ് |
|---|---|---|
| 2014-15 | 1 | 5,000 |
| 2015-16 | 17 | 85,900 |
| 2016-17 | 40 | 4,02,800 |
| | ആകെ | 4,93,700 |

എന്നാൽ മൂവാറ്റുപുഴ നഗരസഭയുടെ അക്കൌണ്ടിലേക്ക് വരവ് വരേണ്ടിയിരുന്ന ടി തുകകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൌണ്ടിൽ നിന്നും മൂവാറ്റുപുഴ നഗരസഭയുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ആയതിനാൽ ടി തുക നഗരസഭയുടെ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ

പട്ടികജാതി കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ - 75075/-

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0192/2016-17 പട്ടികജാതി കുട്ടികൾക്ക് പഠനോപകരണങ്ങൾ |
| അടങ്കൽ | 200000/- SC ഫണ്ട് |
| ചെലവ് | 75075/- |
| ബിൽ നം. | 62/2016-17 തീയതി 29-03-2017 |
| നിർവ്വഹണം | സെക്രട്ടറി |

2016-17 വർഷം നഗരസഭ സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി കുട്ടികൾക്ക് പഠനോപകരണങ്ങൾ എന്ന പ്രോജക്ടിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ, റേഷൻ കാർഡ്, തിരിച്ചറിയൽ രേഖകൾ, സ്കൂൾ രേഖകൾ എന്നിവയുടെ പകർപ്പുകൾ എന്നിവ ഇല്ല.

| ക്രമ നം. | അപേക്ഷകന്റെ പേര് /വിലാസം |
|---|---|
| 1 | കെ.കെ.അനിത, കുറ്റിയാനിക്കൽ |
| 2 | കുഞ്ഞുമോൻ, ചാലിൽ പുത്തൻപുര |

2. ചുവടെ ചേർക്കുന്ന അപേക്ഷയോടൊപ്പം പട്ടികജാതി വികസന ഓഫീസറിൽ നിന്നും

ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | അപേക്ഷകന്റെ പേര് /വിലാസം |
|---|---|
| 1 | സുമിത. പി.കെ.,വരകം തൊട്ടിയിൽ |
| 2 | ഒ.കെ.അശോകൻ,ഒമയാലിൽ |
| 3 | ഷിജു.എം.പി.,മാമ്പിള്ളിയിൽ |
| 4 | രാജൻ.കെ.,പുത്തൻ പുരയ്ക്കൽ |
| 5 | ഷിജു ഷാജി.,പാലക്കാട്ട് പുത്തൻപുര |
| 6 | അഹല്യ ആനന്ദ് |

2014-15 വർഷം പട്ടികജാതി വികസന ഓഫീസർ SO127/14-15 പ്രകാരം പട്ടികജാതി കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് നിർവ്വഹണം നടത്തിയിരുന്നു. ആകെ 199650/-രൂപ ചെലവായ ആ പ്രോജക്ട് പ്രകാരം 50 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകിയിട്ടുണ്ട്. (ഫർണ്ണിച്ചർ-- സ്റ്റീൽ ടേബിൾ - 50, സ്റ്റീൽ കസേര-50). ഓഡിറ്റ് വർഷം(16-17) ആനുകൂല്യം ലഭിച്ചവരുടെ അപേക്ഷകളും അനുബന്ധരേഖകളും ഇല്ലാതെയും, പട്ടിക ജാതി വികസന ഓഫീസറിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കാതെയുമാണ് ആനുകൂല്യം വിതരണം ചെയ്തത്. മുൻ വർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാതെ വിതരണം ചെയ്തതും അപാകതയാണ്. ആയത് വിശദീകരിക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/04-11-2017 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പ്രകാരം രണ്ട് പേരുടെ അപേക്ഷകൾ മാത്രമാണ് ലഭിക്കാനുള്ളത്. പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 2015-16 വർഷത്തെ പ്രോജക്ട് 2016-17 ൽ സ്പിൽ ഓവർ ആയിട്ടാണ് നിർവ്വഹണം നടത്തിയത്. ഇത്രയും കാലയളവിനുള്ളിൽ മേൽ വിവരിച്ച രേഖകൾ ലഭ്യമാക്കാത്തത് അപാകതയാണ്. ആയതിനാൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 75075/- തടസ്സപ്പെടുത്തുന്നു.

## 3-2 ടിപ്പർ വാങ്ങൽ പ്രോജക്ട് അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./ പേര് | SO207/2016-17 ശുചീകരണ ആവശ്യത്തിനായി ടിപ്പർ വാങ്ങൽ |
| നിർവ്വഹണം | സെക്രട്ടറി, |
| അടങ്കൽ | ആകെ - 1799754/- (വികസന ഫണ്ട് ) |
| ചെലവ് | ആകെ - 1784686/- + 43500/-(തനത് ഫണ്ട് ) |
| ബിൽ/ ചെക്ക് നം. | 69/2016-17/ 1784686-30-03-2017 |

2016-17 വർഷം നഗരസഭ ശുചീകരണ ആവശ്യത്തിനായി ടിപ്പർ വാങ്ങിയിട്ടുണ്ട്. ടിപ്പർ വാങ്ങൽ നടപടിയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 28-01-2017 തീയതിയിൽ നമ്പർ 207/16-17 പ്രകാരം പുറപ്പെടുവിച്ച ടെണ്ടർ നോട്ടീസ് പ്രകാരം ടിപ്പർ സപ്ളൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ആയത് പ്രകാരം എല്ലാ സർക്കാർ നിബന്ധനകളും ഈ ടെണ്ടറിനും ബാധകമായിരിക്കുന്നതാണ് എന്നും വാറ്റും, രജിസ്ട്രേഷൻ ഫീസും, ഇൻഷ്വറൻസും ഉൾപ്പെടെയുള്ള തുക ക്വോട്ട് ചെയ്യേണ്ടതാണ് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള പ്രോജക്ട് അടങ്കലിനേക്കാൾ കൂടിയ തുകയാണ് ടെണ്ടർ ക്വോട്ട് ചെയ്ത സ്ഥാപനങ്ങൾ സമർപ്പിച്ചത്. എന്നാൽ ടെണ്ടർ നിബന്ധനകൾക്ക് വിരുദ്ധമായി അടങ്കൽ തുകയേക്കാൾ കൂടുതൽ തുകയ്ക്ക് ടിപ്പർ വാങ്ങുകയാണ് ഉണ്ടായത്. ഇൻഷ്വറൻസും, രജിസ്ട്രേഷൻ ചെലവുകളും നഗരസഭ വഹിക്കുകയും ചെയ്തിട്ടുണ്ട്.

2. നിലവിലുള്ള അടങ്കൽ തുകയേക്കാളും കൂടുതൽ തുക ആകുമെന്നിരിക്കെ നഗരസഭ റീ ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ, പ്രോജക്ട് റിവൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. പകരം സ്ഥാപനവുമായി നെഗോസിയേഷൻ നടത്തി ഇൻഷ്വറൻസ് ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ 43500/-രൂപ നഗരസഭ നേരിട്ട് അടയ്ക്കുവാൻ തീരുമാനിക്കുകയാണുണ്ടായത്. 18-03-2017 തീയതിയിലെ സപ്ളൈ ഓർഡർ പ്രകാരം ഇൻഷ്വറൻസ് ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ 43500/-രൂപ നഗരസഭ നേരിട്ട് അടയ്ക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

3. പ്രോജക്ട് തയ്യാറാക്കിയപ്പോൾ അടങ്കൽ തുക 1493000/- ആയിരുന്നു. പ്രോജക്ട് റിവൈസ് ചെയ്തത് പ്രകാരം 1799754/-രൂപയായി വർദ്ധിച്ചു. ഈ തുകയിൽ 1784686/- രൂപ ചെലവഴിച്ചു. എന്നാൽ വാഹനത്തിന്റെ ഇൻഷ്വറൻസ് ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ 43500/-രൂപ കൂടുതലായി ചെലവഴിച്ചു. ടി തുക കൂടി ഉൾപ്പെടുത്തി പ്രോജക്ട് റിവൈസ് ചെയ്തിട്ടില്ല.

മേൽപ്പറഞ്ഞ പ്രകാരം ടെണ്ടർ നോട്ടീസ് നിബന്ധനകൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 23/06-11-2017)ക്ക് നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം പ്രോജക്ട് റിവൈസ് ചെയ്യാതെ പ്രോജക്ട് തുകയേക്കാൾ കൂടിയ തുകയ്ക്ക് ടിപ്പർ വാങ്ങിയത് അപാകതയാണ്. ആയതിനാൽ ഇൻഷ്വറൻസ് ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ അധികം ചെലവായ 43500/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-3 മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തവരിൽനിന്നും 18% പലിശ ഈടാക്കേണ്ടതാണ്.

04.10.2011 ലെ ജി.ഒ (പി) 419/2011/ധന പ്രകാരം മുൻകൂറുകൾ മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കാത്ത മുൻകൂറുകൾക്ക് തുക പിൻവലിച്ച ദിവസം മുതൽ ക്രമീകരിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്. 2016-17 വർഷത്തിൽ നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്ക് മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ തീയതി. | ഫയൽ നമ്പർ | മുൻകൂർ കൈപറ്റിയ ഉദ്യോഗസ്ഥൻ | മുൻകൂറിന്റെ ഉദ്ദേശ്യം | മുൻകൂർ തുക രൂപ. | മുൻകൂർ ക്രമവൽക്കരിച്ച വൗച്ചർ നം. തീയതി. |
|---|---|---|---|---|---|---|
| 1 | 56-02/17-14/02/2017 | PW3. 9702/14 | ഷമീന.കെ.പി ഓവർസിയർ | അനധികൃത കെട്ടിടം പൊളിച്ചു നീക്കുന്നതിന്. | 5000/- | നാളിതുവരെ ക്രമീകരിച്ചിട്ടില്ല. |
| 2 | 72-01/2017 27/01/2017 | R3. 5183/16 | രാധിക റവന്യു ഇൻസ്പെക്ടർ | താഴ് വാങ്ങുന്നതിന് | 1600/- | നാളിതുവരെ ക്രമീകരിച്ചിട്ടില്ല. |
| 3 | 72-12/2016 27/12/2016 | PW1. 19899/16 | സി. .വി. രാധാകൃഷ്ണൻ ഓവർസിയർ | ലോക ബാങ്ക് പ്രോജക്ടുകളുടെ ഉൽഘാടനം | 48000/- | നാളിതുവരെ ക്രമീകരിച്ചിട്ടില്ല. |
| 4 | 32-12/2016 12/12/2016 | G5. 17220/16 | മധു.ആർ.എസ് ജൂനിയർ.H I | PMAY ഉൽഘാടനം | 10000/- | നാളിതുവരെ ക്രമീകരിച്ചിട്ടില്ല. |
| 5 | 38-11/2016 11/11/2016 | PW1. 1630/16 | ടി.എ.മൻസൂർ അസി. | ശുചിമുറി റിപ്പയറിംഗ്, | 5600/- | നാളിതുവരെ ക്രമീകരി |

| | | | | | | |
|---|---|---|---|---|---|---|
| | | | എൻജിനിയർ | കിഴക്കെ സ്റ്റാന്റ് | | ച്ചിട്ടില്ല. |
| 6 | 54-10/2016 14/10/2016 | PW1. 11367/16 | പി.ജി. ശിവപ്രസാദ് അസി. എക്സി. എൻജിനിയർ | വിവിധ പ്രവർത്തികൾക്ക് സൈൻബോർഡ് സ്ഥാപിക്കൽ | 86,000/- | നാളിതുവരെ ക്രമീകരി ച്ചിട്ടില്ല. |
| 7 | 09-10/2016 01/10/2016 | BA. 311/2016 | ടി.എ.മൻസൂർ അസി. എൻജിനിയർ | അനധികൃത കെട്ടിടം പൊളിച്ച നീക്കുന്നതിന്. | 15000/- | |
| 8 | 83-08/2016 05/08/2016 | PW4. 7405/09 | ടി.എ.മൻസൂർ അസി. എൻജിനിയർ | അനധികൃത കെട്ടിടം പൊളിച്ച നീക്കുന്നതിന്. | 5000/- | നാളിതുവരെ ക്രമീകരി ച്ചിട്ടില്ല. |
| 9 | 61-05/2016 13/05/2016 | Pw3. 13497/2015 | ടി.എ.മൻസൂർ അസി. എൻജിനിയർ | വാട്ടർ മീറ്റർ സ്ഥാപിക്കൽ | 3000/- | 44.06/17 03/06/2017 |
| 10 | 76-05/2016 31/05/2016 | Pw1. 9454/2016 | ടി.എ.മൻസൂർ അസി. എൻജിനിയർ | കാന ഭിത്തി നിർമ്മാണം | 67000/- | 84.06/17 07/06/17 |
| 11 | 27-6/2016 06/06/2016 | Pw1. 5749/2016 | ടി.എ.മൻസൂർ അസി. എൻജിനിയർ | സ്റ്റേഡിയത്തിൽ ഫെൻസിങ്ങ് വർക്ക്. | 69000/- | 42.06/17 03/06/17 |
| 12 | 46-03/2017 04/03/2017 | G7. 19485/11 | സൂരജ് കെ.എ ക്ലർക്ക്. | ബയോ ഡൈ വേഴ്സിറ്റി പരിശീലനം. | 20000/- | 85.08/17 25/08/17 |
| 13 | 94-10/2016 25/10/2016 | G4. 7029/05 | ഷമീന.കെ.പി ഓവർസിയർ | ജീപ്പ് റിപ്പയറിങ്ങ് | 3184/- | 45.09/17 22/09/17 |
| 14 | 78-10/2016 19/10/2016 | G4. 7029/05 | ഷമീന.കെ.പി ഓവർസിയർ | ജീപ്പ് റിപ്പയറിങ്ങ് | 10000/- | 45.09/17 22/09/17 |
| 15 | 75-10/2016 18/10/2016 | Ph2. 16448/16 | സഞ്ജീവ് കുമാർ എസ്. JHI | സെപ്റ്റിക് ടാങ്ക് ക്ളീനിങ്ങ്. | 30000/- | 68.09/17 25/09/17 |
| 16 | 67-10/2016 19/10/2016 | Ph2. 16448/16 | സഞ്ജീവ് കുമാർ എസ്. JHI | സെപ്റ്റിക് ടാങ്ക് ക്ളീനിങ്ങ്. | 20000/- | 68.09/17 25/09/17 |
| 17 | 28-09/2016 05/09/2016 | Pw3.(Ph2) 4437/16 | പി.ജി. ശിവപ്രസാദ് മുനിസിപ്പൽ എൻജിനിയർ | ടൗൺഹാൾ ടോയ്ലറ്റ് മെയിന്റനൻസ് | 98000/- | 137.08/17 31/08/17 |
| 18 | 52-08/2016 11/08/2016 | G2- 12447/16 | റെജി വർഗ്ഗീസ് JHI | സ്വാതന്ത്ര്യദിനാ ഘോഷം. | 25000/- | 36.07/17 07/07/17 |
| 19 | 19-04/2016 05/04/2016 | Pw1. 12556/13 | പി.സി. സജീവൻ ഓവർസിയർ | ജനറേറ്റർ സർവീസിങ്ങ്. | 10000/- | 74.07/17 27/07/17 |

മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തവരിൽനിന്നും 18% നിരക്കിൽ പലിശ ഈടാക്കേണ്ടതും, നൽകിയ മുൻകൂറുകളിൽ ഇനിയും അഡ്ജസ്റ്റ് ചെയ്യുവാൻ ബാക്കിയുള്ളവരിൽ നിന്നും 18% പലിശ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

# 3-4 മരുന്നുകൾ മുഴുവൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

a) ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 151/2017 |
| പ്രോജക്ടിന്റെ പേര് | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | 500000/-രൂപ. |
| ചെലവ് | 500000/-രൂപ. |
| ബിൽ നമ്പർ | 01/16-17 തീയതി. 19/12.2016. |

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രോജക്ടിൽ 500000/-രൂപ ഡി.ഡി. നമ്പർ 635552 .തീയതി.21/12/2016 പ്രകാരം" മാനേജിങ്ങ് ഡയറക്ടർ ഔഷധി, തൃശ്ശൂർ " എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. നാളിതുവരെ 477609/-രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചിരിക്കുന്നത്. ബാക്കി 22391/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

b).ഹോമിയോ ആശുപത്രിക്കു മരുന്ന വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 152/17 |
| അടങ്കൽ | 550000 |
| ചെലവ് | 550000 |
| ബിൽ നം./ തീയതി | 1/2016-17 10.03.2017 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹോമിയോ മെഡിക്കൽ ഓഫീസർ |

മുൻസിപ്പാലിറ്റിയിലെ ഹോമിയോ ആശുപത്രിക്കു മരുന്ന വാങ്ങുന്നതിനായി 5,50,000/- രൂപ ഹോംകോയ്ക്കു നൽകി.എന്നാൽ 476375/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിരിക്കുന്നത്. ശേഷിച്ച 73625/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-5 ആശ്രയ - ഫണ്ട് വിനിയോഗം സംബന്ധിച്ച്

2016-17 വർഷത്തെ ആശ്രയ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കാഷ് ബുക്ക് പ്രകാരം ആകെ 395855.50 രൂപ മുൻബാക്കി ഉണ്ട്. 2016-17 ൽ നീക്കിയിരിപ്പായി 443447.57 രൂപയും ഉണ്ട്. 2016-17 വർഷം ആകെ 333161/- രൂപ 22-06-2016 തീയതിയിൽ വരവുണ്ട്. 2016-17 വർഷം ആകെ 334610.93 രൂപ ചെലവുണ്ട്. 2016-17 വർഷം ലഭിച്ച മുഴുവൻ തുകയും ചെലവായിട്ടുണ്ട്. നീക്കിയിരിപ്പുള്ള തുക സംബന്ധിച്ച വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നം. 18) മറുപടിയിൽ പ്ലാൻ ഫണ്ട് ബാലൻസ് ആയി 117270/- രൂപ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം പ്ലാൻ ഫണ്ട് തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് അപാകതയാണ്. ആയതിനാൽ തുക തിരിച്ചടക്കുവാനോ, ചെലവഴിക്കുവാനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ക്രിമറ്റോറിയം A M C- ടെൻഡർ നടപടികൾ പാലിക്കുന്നില്ല

മൂവാറ്റുപുഴ നഗരസഭയുടെ ക്രിമറ്റോറിയത്തിന്റെ വാർഷിക മെയിന്റിനൻസ് കോൺട്രാക്ട് 'കേരള സേഫ് ഇൻഡസ്ട്രീയൽ എക്യൂപ്മെന്റ്സ് (KSIE)' എന്ന സ്വകാര്യസ്ഥാപനത്തിന് 2013-14 മുതൽ തുടർച്ചയായി നൽകിവരുന്നു. ടെൻഡർ നടപടികളൊന്നും കൂടാതെയാണ് ഈ സ്ഥാപനത്തിന് വാർഷിക പരിപാലന കരാർപ്രകാരം 1,50,000/-രൂപയ്ക്ക് നഗരസഭ KSIE എന്ന സ്ഥാപനത്തിനു നല്കിയിട്ടുള്ളത്. കൂടാതെ ഈ സ്ഥാപനത്തിൽ നിന്നും 2013-14 ൽ വാങ്ങിയിരിക്കുന്ന സെക്യൂരിറ്റി തുകയിൽ വർദ്ധനവൊന്നും തന്നെ വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ' കേരള സേഫ് ഇൻഡസ്ട്രീയൽ എക്യൂപ്മെൻസ് (KSIE) 'എന്ന സ്ഥാപനം സർക്കാർ സ്ഥാപനമായതിനാലാണ് ടെൻഡർ നടപടികൾ കൂടാതെ AMCനല്കിയതെന്ന തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള മറുപടിയാണ് നല്കിയിരിക്കുന്നത്.

ടെൻഡർ നടപടികൾ കൂടാതെ 2013-14 വർഷം മുതൽ സ്വകാര്യ സ്ഥാപനത്തിന് ടെൻഡർ നടപടികൾ ഒഴിവാക്കി AMC നൽകിയ നടപടിയേയും, കേരള സേഫ് ഇൻഡസ്ട്രീയൽ എക്യൂപ്മെന്റ്സ് (KSIE) 'എന്ന സ്ഥാപനം സർക്കാർ സ്ഥാപനമാണെന്ന് തെറ്റിദ്ധരിപ്പിക്കുന്ന മറുപടി നൽകുകയും ചെയ്ത ഹെൽത്ത് സൂപ്പർവൈസറുടെ ചാർജ്ജ് വഹിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടറുടെ നടപടി ഓഡിറ്റ് ഗൗരവതരമായി വീക്ഷിക്കുന്നു.

## 3-7 സ്റ്റേഡിയം ഗ്രൗണ്ട് ഫ്ലോർ പൂർത്തീകരണം- അധികം തുക നല്കി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | സ്റ്റേഡിയം ഗ്രൗണ്ട് ഫ്ലോർ പൂർത്തീകരണം |
| പ്രൊജക്ട് നമ്പർ | S0 045/17 |
| അടങ്കൽ തുക | 64,00,000/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ.എം.എ റെസ് വി |
| എഗ്രിമെന്റ് നമ്പർ- തീയതി | 145/AEE/16-17 10.03.2017 |
| എഗ്രിമെന്റ് തുക | 63,69,529/- |
| എം- ബുക്ക് നമ്പർ | 48, 78,81 |

മൂവാറ്റുപുഴ നഗരസഭയുടെ 2016-17 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന സ്റ്റേഡിയം ഗ്രൗണ്ട് ഫ്ലോർ പൂർത്തീകരണം എന്ന പ്രവൃത്തിയിൽ നാളിതുവരെ താഴെപ്പറയും പ്രകാരം ചെലവ് വന്നിട്ടുണ്ട്.

ആദ്യ പാർട്ട് ബിൽ.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 12,85,509 |
| കൂട്ടുക-സേവനനികുതി (10.5%) | 1,34,978 |
| ആകെ | 14,20,487 |
| കുറയ്ക്കുക-മൂല്യവർദ്ധിത നികുതി (4%) | 51,420 |
| ആദായനികുതി (1%) | 12,855 |
| ക്ഷേമനിധി വിഹിതം (1%) | 12,855 |
| റിടെൻഷൻ (10%) | 1,28,551 |

| | |
|---|---|
| ആകെ | 12,14,807 |
| കരാറുകാരന് നല്കിയത് | 12,14,807/- |

ആദ്യപാർട്ട് ബിൽ നല്കിയപ്പോൾ താഴെപ്പറയുന്ന അപാകത കാണുന്നു.

അളവു പുസ്തകനമ്പർ. 48, പേജ് നമ്പർ 13-ൽ ഇനം 11, "Solid Block masonary using precast solid blocks of size 30 x20 x15 cm with thickness 15cm in CM 1:6 " എന്ന ഇനം പ്രവൃത്തിയുടെ രേഖപ്പെടുത്തലിൽ 5.55 x 0.2 x 2.90 എന്ന അളവ് പ്രകാരം 3.22 എന്നാണ് ആദ്യം രേഖപ്പെടുത്തിയത്. ഇത് പ്രകാരം ഈ ഇനത്തിന്റെ ആകെ അളവ് 113.658 m3 ആയിരുന്നു. ഇതനുസരിച്ച് പേജ് നമ്പർ 20-ൽ ഈ പ്രവൃത്തിക്ക് m3 -ന് 4800/- രൂപ നിരക്കിൽ നല്കാവുന്ന തുക 5,45,558/- രൂപയായിരുന്നു. (113.658 x 4800= 5,45,558/-).

എന്നാൽ പേജ് 13-ലെ അളവിൽ 35.55 x .2 x 2.9 cm എന്ന് വ്യത്യാസപ്പെടുത്തിയപ്പോൾ 3.22 എന്നത് 20.62 എന്നും ആകെ അളവ് 126.058 m3 എന്നും, അതനുസരിച്ച് നല്കിയ തുക പേജ് 20-ൽ 605078.40 രൂപയാവുകയും ചെയ്തിട്ടുണ്ട് (126.058 x4800= 605078.40) .

മേൽപ്പറഞ്ഞ പ്രകാരം 59,520/- രൂപയുടെ (605078.40-545558) വ്യത്യാസം വരത്തക്കവണ്ണം പ്രവൃത്തിയുടെ അളവിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു.

2-ാം പാർട്ട്ബിൽ.

| | | |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 46,93,735 | |
| കുറയ്ക്കുക- ആദ്യ പാർട്ട് ബിൽ തുക | 12,85,509 | |
| ആകെ | 34,08,226 | |
| കുറയ്ക്കുക- റിടെൻഷൻ തുക (2.5%) | 1,17,343 | 2.5% of 46,93, 735 |
| ആകെ | 32,90,883 | |
| കുറയ്ക്കുക-മൂല്യവർദ്ധിത നികുതി (4%) | 136329 | 4%of 46,93, 735= 187749-51420 |
| -ആദായനികുതി (1%) | 34082 | 1% of 46,93, 735= 46937-12855 |
| -ക്ഷേമനിധി വിഹിതം (1%) | 34082 | 1% of 46,93, 735= 46937-12855 |
| ആകെ | 30,86,390 | |
| കരാറുകാരന് നല്കാവുന്നത് | 30,86,390 | |
| കരാറുകാരന് നല്കിയത് | 30,89,795 | |

രണ്ടാം പാർട്ട് ബിൽ നല്കിയപ്പോൾ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. മേൽപ്പറഞ്ഞ പ്രകാരം കരാറുകാരന് 30, 86,390/- രൂപ നല്കേണ്ടിടത്ത് 3,405/- അധികം നല്കിയിട്ടുണ്ട്.

2. അളവ് പുസ്തകനമ്പർ 48-ൽ പേജ് 9-ൽ ഇനം 1- " filling with contractors own earth" എന്ന ഇനത്തിൽ 1490.324 m3 മണ്ണും, അളവ് പുസ്തകനമ്പർ 81-ൽ പേജ് 38-ൽ 725.508m3 മണ്ണും ഉൾപ്പെടെ ആകെ 2215.832m3 മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചിട്ടുണ്ട്. ഇതിനായി 250/m3 നിരക്കിൽ ആകെ 5,53,958/- രൂപ നല്കിയിട്ടുമുണ്ട്. (അളവ് പുസ്തകനമ്പർ-48, പേജ് - 16,23)

എന്നാൽ അളവ് പുസ്തകനമ്പർ-48ൽ പേജ് 17, അളവ് പുസ്തകനമ്പർ-78-ൽ പേജ് -3 എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം ഇനം 2-" Earth work Excavation " എന്ന ഇനത്തിൽ യഥാക്രമം 16.18m3, 29.748m3 എന്നിങ്ങനെയായി ആകെ 45.928m3 മണ്ണ് എക്സ്കവേഷൻ

നടത്തിഎടുത്തിട്ടുണ്ട്. എന്നാൽ ഈ മണ്ണ് ഫില്ലിംഗിന്റെ അളവിൽ കുറച്ചതായി കാണുന്നില്ല.

ഇപ്രകാരം ഫില്ലിംഗിൽ കുറയ്ക്കാത്തതുമൂലം താഴെപ്പറയുംപ്രകാരം അധികംതുക കൊടുത്തതായി കാണുന്നു.

| | | |
|---|---|---|
| ഫില്ലിംഗിന്റെ അളവ് | 2215.832m$^3$ | 2215.832 x 250= 553958 |
| കുറയ്ക്കുക- എക്സകവേറ്റഡ് മണ്ണിന്റെ അളവ് | 45.928m$^3$ | |
| ആകെ ഫില്ലിംഗിന് നല്കാവുന്ന അളവ് | 2169.904m$^3$ | 2169.904 x 250= 542476 |
| അധികം നല്കിയ തുക | 11,482/- | 553958-542476=11482 |

ഇതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ 4 അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 2 അപാകതകൾ ക്ലെറിക്കൽ തെറ്റുകളാണെന്നും, അളവുപുസ്തകത്തിലെ തിരുത്ത് വരുത്തിയ അളവനുസരിച്ച് തന്നെ പണി ചെയ്തിട്ടുണ്ടെന്നുമുള്ള അസി.എക്സി. എൻജിനീയറുടെ വാദം അംഗീകരിക്കാവുന്നതാണ്. മറ്റ് രണ്ട് അപാകതകളും നിലനില്ക്കുന്നതിനാൽ അധികം നല്കിയതായി കാണുന്ന 3,405/- രൂപയും, കുഴിച്ചെടുത്ത മണ്ണിന്റെ വില ഫില്ലിംഗിൽ കുറവ് വരുത്താത്തതുമൂലം അധികം നല്കിയ 11,482/- രൂപയും ഉൾപ്പെടെ 14,887/- രൂപ പ്രവൃത്തിയുടെ ഫൈനൽ ബിൽ നല്കുമ്പോൾ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. ആയതുവരേക്ക് 14887/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-8 നഗരസഭാ പെൻഷൻ ഫണ്ട്

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ് ആനുകൂല്യങ്ങൾ) ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റികളിലെ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നല്കുന്നതിനു വേണ്ടി മുനിസിപ്പൽ ഭരണ ഡയറക്ടറുടെ കീഴിൽ സെൻട്രൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഇതിലേക്ക് നഗരസഭയിലെ റഗുലർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് പ്രതിമാസമൊത്തവേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കണം. ഈ പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പളത്തോടോപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് അതത് മാസം 25ന് മുൻപ് സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കാൻ മുനിസിപ്പൽ ഡയറക്ടറുടെ പേരിൽ ഡി.ഡി.യായി അയക്കേണ്ടതാണ്.

എന്നാൽ മൂവാറ്റുപുഴ നഗരസഭയിലെ റഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ മേൽപ്പറഞ്ഞ പ്രകാരം മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കുന്നില്ല. 2016-2017-ൽ 13541428/-രൂപ ഈയിനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കുവാനുണ്ട്. കൂടാതെ 2016-17 വർഷം പെൻഷൻ അലോട്ടമെന്റിനത്തിൽ നഗരസഭയ്ക്ക് ബാക്കി ലഭിക്കാനുള്ളത് 34214468/-രൂപയാണ്. പെൻഷൻ അലോട്ട്മെന്റിനത്തിൽ നഗരസഭയ്ക്ക് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ലഭിച്ച തുകകളും റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ ഇനത്തിലും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കേണ്ട തുകകളും കിഴിച്ചതിനുശേഷം ലഭിക്കുവാനുള്ള തുകയാണ് 34214468/-രൂപ.

| വർഷം | പെൻഷൻ കോൺട്രിബ്യൂഷൻ | കമ്മ്യൂട്ടേഷൻ തിരിച്ചടയ്ക്കേ | കമ്മ്യൂട്ടേഷൻ തിരിച്ച് ചടച്ചത് | കമ്മ്യൂട്ടേഷൻ ഒടുക്കുവാൻ ബാക്കി | നഗരസഭയ്ക്ക് ലഭിച്ച പെൻഷൻ | റെഗുലർ പെൻഷനിനത്തിൽ | പെൻഷൻ അലോട്ട് മെന്റിനത്തിൽ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | ണ്ടത് | | യുള്ളത് | അലോട്ട മെന്റ് | നഗര സഭയ്ക്ക് ചെലവായ തുക | ലഭിക്കുവാനുള്ളത് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8<br>7- (2+5+6) |
| 16-17 | 13541428 | 2778756 | - | 2778756 | 11611961 | 62146613 | 34214468 |

ഈ തുക നഗരസഭയുടെ തനത് ഫണ്ടിൽ തന്നെ നിലനിർത്തിയിരിക്കുകയാണ്

നഗരസഭയിൽ കണ്ടിജന്റ് വിഭാഗത്തിൽ 2014-15, 2015-16 എന്നീ വർഷങ്ങളിൽ ൽ 34 പെൻഷനർമാർക്ക് പെൻഷൻ ഇനത്തിൽ യഥാക്രമം 5045537/- രൂപയും, 7549579/- രൂപയും 2016-17 -ൽ 5728838/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

പെൻഷൻ വിതരണത്തിനായി നഗരസഭ ട്രഷറിയിൽ പ്രത്യേക അകൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും റഗുലർ കണ്ടിജൻറ് പെൻഷനുകൾ നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും തന്നെയാണ് വിതരണം ചെയ്യുന്നത്.

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക കൃത്യമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കുവാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ഇല്ല | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്, വിവരങ്ങൾ താഴെ കൊടുക്കുന്നു:-

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതിന്റെ വിവരം |
|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 365000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കിറ്റിനായി കത്ത് നൽകിയിട്ടുണ്ട്. ലഭിച്ചിട്ടില്ല. |
| 2 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ നീട്ടൽ | 427330 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിനായി കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലഭിച്ച / തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| കെ യു ആർ ഡി എഫ് സി | 7680/RR /2011/എം (റിക്കവറി). | 20180862 | 2650000 | - | 20450942 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 8334302 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 211700 |
| ആകെ | 8546002 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 4639851 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3906151 |

(2016-17)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് (ഇ.ഡി.സി.ബി) | 6,75,675 | 012385000000005 |
| | 11,45,822 | 012385000000006 |
| ആകെ | 18,21497 | |
| സിൻഡിക്കേറ്റ് ബാങ്ക് | 2084654 | അക്കൗണ്ടിൽ തന്നെ സ്ഥിരനിക്ഷേപമായി മാറ്റിയിട്ടിരിക്കുന്നു. |
| ആകെ | 3906151 | |

മൂവാറ്റുപുഴ നഗരസഭയുടെ 2016-17 വാർഷിക ധനകാര്യപത്രികയിലെ സ്ഥിരനിക്ഷേപം എന്ന

ഹെഡ് ഓഫ് അക്കൗണ്ടിൽ 31/03/2017- ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം 39,05,151/- ആണെങ്കിലും, ബാലൻസ് ഷീറ്റിലെ B-12 ഷെഡ്യൂളിൽ വരുന്നത് 18,21,497/ എന്ന തുക മാത്രമാണ്. ബാക്കി 20,84,654/- രൂപ അർബൻ ഹാറ്റ് എന്ന് പ്രൊജക്ടിന്റെ അക്കൗണ്ടായ സിൻഡിക്കേറ്റ് ബാങ്കിലെ എസ്.ബി.അക്കൗണ്ടിൽ തന്നെ സ്ഥിരനിക്ഷേപമായി മാറ്റിയിട്ടിരിക്കുകയാണ്.
കൂടാതെ വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം-ഇക്വറ്റി ഷെയറിന്റെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| Equit share-KURDFC | 500000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ രജിസ്റ്റർ പ്രകാരം 678379 രൂപയുടെ വരവുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീത് നം /തീയതി |
|---|---|---|---|---|
| 2010-11, 11-12 | 3-5 | 1304 | അബ്ദുൾ ഖദീജ് കെ.എം., കൗൺസലർ (വാർഡ് 11) | 01/11601 103641/ 27.7.16 |
| | 3-5 | 1304 | കെ.പി.രാജു, കൗൺസലർ (വാർഡ് 15) | 01/11601 103776/ 30.7.16 |
| | 3-5 | 1304 | പ്രസന്ന കെ.പി., കൗൺസലർ (വാർഡ് 21) | 01/11601 103915/ 4.8.16 |
| | 3-5 | 1304 | ശാന്ത സുകുമാരൻ, കൗൺസലർ (വാർഡ് 10) | 01/11601 104193/ 11.8.16 |
| 2013-14, 14-15 | 2-1 | 150 | മാനേജർ സുന്ദരം ഫിനാൻസ് ലിമിറ്റഡ് | 10116/ 21.7.16 |
| | 2-1 | 150 | മാനേജർ മിത്ര ഇൻഡേൻ സർവീസസ് | 12733/ 9.9.16 |
| | 2-1 | 150 | അഡ്മിനിസ്ട്രേറ്റർ, നിർമല മെഡിക്കൽ സെന്റർ | 15748/ 30.12.16 |
| | 3-2 | 590 | ആശാമോൾ എം.കെ., പാലിയേറ്റീവ് നഴ്സ് | ട്രഷറി ചെല്ലാൻ നം.27/ 7.11.16 |
| | 3-2 | 1500 | | |
| | 3-7 | 332492/- | ലൈബ്രറി സെസ് | 12302/ 3.5.16 |
| | 3-7 | 332491 | ലൈബ്രറി സെസ് | 13600/ 5.11.16 |
| | 2-1 | 150 | മാനേജർ ജേക്കബ് മെഡിക്കൽസ് | 9667/ 18.7.16 |

| | | | | |
|---|---|---|---|---|
| | 2-1 | 600 | മാനേജർ വിമലഗിരി ഇന്റർനാഷണൽ സ്കൂൾ | 11011/ 3.8.16 |
| | 2-1 | 150 | മാത്യു കെ.വി. | 11601 104662/ 29.8.16 |
| | 2-1 | 2990 | ക്രിയേറ്റീവ് ടൂർസ് ആന്റ് ട്രാവൽസ് | 9660/ 18.7.16 |
| 2012-13 | 2-3 | 1750 | നിതിൻ ടെക്സ്റ്റയിൽസ് | 11687/ 19.8.16 |
| ആകെ | | 678379 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 2-7 | 2006-07 | 4.15.1 | സത്രം-കം ഷോപ്പിംഗ് കോംപ്ലക്സ് വാടക വർദ്ധനവ് വരുത്താതിരിക്കൽ നഷ്ടം- 39222/- രൂപ | തുക പിരിച്ചെടുത്തു |
| 2006-07 | 3.30.2 | 2009-10 | 3.8.22(1) | ആധുനിക അറവുശാല നിർമാണം. നഗരസഭയുടെ അശ്രദ്ധമൂലം ലക്ഷങ്ങളുടെ പാഴ്ച്ചെലവ്- 13 ലക്ഷം | ബഹു.ഹൈക്കോടതിയുടെ 1.8.2013 ലെ WP(C) no. 5717 ഉത്തരവിന്റെ അടിസ്ഥാനത്തിൽ അറവുശാലയുടെ പ്രവർത്തനം നിർത്തിവെച്ചിരിക്കുന്നു |
| 2006-07 | 3.14.1 | 2009-10 | 3.7.11(1) | വനിതാ വ്യവസായ വികസനം ഫോട്ടോസ്റ്റാറ്റ് | |

| | | | | | |
|---|---|---|---|---|---|
| | | | | മെഷീൻ സ്ഥാപിക്കൽ | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 200685635 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 194799858 |
| വരവിനങ്ങളിലുള്ള നഷ്ടം | 176900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 133462 |

ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-7 | 5000 | | ഷിബു. വി.പി. സെക്രട്ടറി |
| 2-9 | 90300 | | ഷിബു. വി.പി. സെക്രട്ടറി |
| 2-13 | 81600 | | ഷിബു. വി.പി. സെക്രട്ടറി |
| ആകെ | 176900 | | ഷിബു. വി.പി. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 75075 | ഷിബു. വി.പി. സെക്രട്ടറി |
| 3-2 | 43500 | ഷിബു. വി.പി. സെക്രട്ടറി |
| 3-7 | 14887 | ശ്രീമതി അമ്പിളി റ്റി.എ മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | 133462 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷിബു. വി.പി. | സെക്രട്ടറി, മൂവാറ്റുപുഴ, നഗരസഭ | വട്ടക്കുന്നേൽ, വാരപ്പെട്ടി പി.ഒ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | LFE(EKM)M1 519/88/15-06-00 |
| 1997-98 | LFE(EKM)M1 128/93/22-12-93 |
| 1998-99 | LFE(EKM)M1 129/01/12-12-01 |
| 1999-00, 2000-01 | LFE(EKM)M2 1943/09/13-11-07 |
| 1999-00, 2000-01 | LFE(EKM)M2 43/05/19-04-88 |
| 1997-98 | LFE(EKM)M2 1555/88/3-11-12 |
| 1998-99 | LFE(EKM)M2 43/05/19-04-88 |
| 1999-00 | LFE(EKM)M2 1555/88/3-11-12 |
| 2000-01 | LFE(EKM)M2 775/05/29-12-05 |
| 2001-02 | LFE(EKM)M1 1158/07/21-11-07 |
| 2002-03 | LFE(EKM)M1 441/08/11-05-09 |
| 2003-04 | LFE(EKM)M1 383/12/30-03-12 |
| 2004-05 | LFE(EKM)M2 43/13/07-01-13 |
| 2005-06 | LFE(EKM)M2 43/13/07-01-13 |
| 2006-07 | LFE(EKM)M1 441/08/11-05-09 |
| 2007-08 | LFE(EKM)M1 139/10/17-10-11 |
| 2008-09 | LFE(EKM)M1 519/88/15-06-00 |
| 2009-10 | LFE(EKM)M1 314/11/10-02-12 |
| 2010-11, 2011-12 | LFE(EKM)M2 14/14/29-01-15 |
| 2012-13 | LFE(EKM)M2 972/15/16-11-15 |
| 2013-14, 14-15 | KSA(EKM)M2 1116/2016/13-07-16 |
| 2015-16 | KSA(EKM)M1 101/2017/08-02-17 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(എം2)2163/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി :30.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1997 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295, 4ാം ഉപവകുപ്പ് അനുസരിച്ചും നഗരസഭകളുടെ

ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നഗരസഭയുടെ 01.04.2016 മുതൽ 31.03.2017 വരെയുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൂവാറ്റുപുഴ നഗരസഭയുടെ 01.04.2016 മുതൽ 31.03.2017 വരെയുള്ള വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ജോയിന്റ് ഡയറക്ടർ

# APPENDIX - I

## AUDIT CERTIFICATE

No.K.S.A.-EKM($M_2$)2163/2017

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
email : doekm.ksad@kerala.gov.in
Dated: 30.11.2017

Certified that I have audited the Financial Statement of Muvattupuzha Municipality in Ernakulam district for the period from 01.04.2016 to 31.03.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 295(4) of Kerala Municipality Act 1997, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Municipal Institutions.

In my opinion, the Financial Statements of Muvattupuzha Municipality for the period from 01.04.2016 to 31.3.2017 except the observations in my audit report properly presents the picture of income and expenditure.

Joint Director